# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 സെപ്റ്റംബർ 4 | ദീപം 58 | നാളം 26 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മാറാത്ത ഓണമേ നീയെത്ര ധന്യ !



രാജീവ് അങ്ങാടിക്കൽ

ഒരു ഓണംകൂടി വന്നു. ഓണത്തെക്കുറിച്ച് എഴുതാനോ പറയാനോ തുടങ്ങുമ്പോൾ നേരിടുന്ന പ്രശ്നം അത് ആവർത്തന വിരസമായിപ്പോകും എന്നുള്ളതാണ്. ഭൂതകാലത്തിൽ അനുഭവിച്ചതിന്റെ വർത്തമാനകാലത്തിൽ ഇരുന്നു നടത്തുന്ന ഓർമകളായാണ് അതു പറയാൻ സാധിക്കുക.

വ്യക്തിഗതമായ അനുഭവഭേദങ്ങളുണ്ടാവും എന്നല്ലാതെ പൊതുഅനുഭവങ്ങൾ ഒന്നുതന്നെയാവും. ഓരോ നാട്ടിലും ഓരോ ഓണം എന്നു പറയാറുണ്ടെങ്കിലും ഓണത്തിന്റെ സാമാന്യപ്രതീകങ്ങൾ ഏതാണ്ട് ഒന്നുതന്നെയാണ്. അതു കാലാവസ്ഥമുതൽ ഊഞ്ഞാലും പൂക്കളവുംവരെ അങ്ങനെതന്നെയാണ്.

അതുകൊണ്ടുതന്നെയാണ് ഓണസാഹിത്യം എന്നു പറയാവുന്ന പഴഞ്ചൊല്ലുകൾമുതൽ ഏറ്റവും പുതിയ ഓണപ്പാട്ടുകൾവരെ ഉത്രാടപ്പൂനിലാവും തുമ്പയും തുളസിയും അത്തപ്പൂക്കളവും ചില്ലാട്ടം പറക്കുന്ന ഊഞ്ഞാലും ഓണക്കോടിയും ഒക്കെയായി നിറയുന്നത്.

ഓണത്തെക്കുറിച്ചു പറയുമ്പോൾ നേരിടുന്ന പ്രശ്നം ആവർത്തന വിരസതയാണ് എന്നു പറയുന്നത്, വിരസത എന്ന അനുഭവം ഉണ്ടാവുന്നു എന്ന അർഥത്തിലല്ല; മറിച്ച്, പറയുന്നവർക്ക്, ആവർത്തിച്ച് ഒരു അനുഭവംതന്നെ പറയേണ്ടിവരുന്നു എന്നതിനാലാണ്. 'ആനയെയും കടലിനെയും കണ്ടാൽ മടുക്കില്ല' എന്നു പറയാറുണ്ട്. അതുപോലെയാണ് ഓണവും. ആവർത്തിച്ചുപറയുമ്പോഴും മടുക്കില്ല.

ചുണ്ടുകളിൽനിന്നു കാതുകളിലേക്കും കാതുകളിൽനിന്നു ചുണ്ടുകളിലേക്കും എത്രകാലംമുതൽ ഓണപ്പഴമ പെരുമയോടെ സഞ്ചാരം കൊള്ളുന്നു എന്നത് ഓണമേ നിന്റെ ധന്യത. കാലം അതിന്റെ പരിവർത്തനോന്മുഖതയിൽ ഉല്ലസിക്കുന്നു. ഭൂതകാലത്തിന്റെ നന്മകളിൽ പലതും അതിന്റെ അനിവാര്യതയിൽ അടിപ്പെട്ടുപോയേക്കാം. അടിപ്പെട്ടുപോയതിനെമാത്രം ഒരു ഗൃഹാതുരത്വത്തോടെ കാണുകയും പുതിയതിന്റെ നന്മകളെ കാണാതിരിക്കുകയും ചെയ്യുക എന്നത് ഏതു തലമുറയുടെയും സ്വഭാവമാണ്. പറഞ്ഞുവന്നത് ഓണത്തിന്റെ നന്മകൾ എന്നു കരുതപ്പെട്ടുവന്ന പലതും നഷ്ടമായിഎന്ന സങ്കടത്തിന്റെ അടിസ്ഥാനത്തിലാണ്.

ഓണം സമൃദ്ധിയുടെ ആശയും ആഹ്വാനവുമാണെന്നതുകൊണ്ടുതന്നെ മാറ്റങ്ങളെ സ്വീകരിക്കാതെ വയ്യ. അതിപ്പോൾ ഒട്ടൊരു സന്തോഷത്തോടെ ആയാലും സങ്കടത്തോടെയായാലും ഓണത്തെ മുൻനിർത്തി അനവധി പഴമൊഴികളും ശൈലികളുമുണ്ട്. ഇതൊക്കെ പഴയകാലത്തിന്റെ അനുഭവത്തിന്റെ നേർപകർപ്പാണുതാനും.

'ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര' എന്നൊരു ചൊല്ലുണ്ട്. ഓലപ്പുരയായിരുന്നു പണ്ട് സാർവത്രികം. ചോർന്നൊലിക്കുന്ന ഓലപ്പുര എത്ര കഷ്ടപ്പെട്ടും ഓണമാവുമ്പോഴേക്കും കെട്ടിമേഞ്ഞ് വൃത്തിയാക്കിയിടുന്നു. ഓണാഘോഷമൊക്കെക്കഴിഞ്ഞ് വീണ്ടും കാര്യങ്ങൾ പഴയപടി ഓട്ടയാവുന്നു. വാസ്തവത്തിൽ ഈ അവസ്ഥ ആരും ആഗ്രഹിക്കുന്നതല്ലല്ലോ.

'രണ്ടോണം കണ്ടോണം
മൂന്നോണം മുക്കിമൂളി
നാലോണം നക്കീം തുടച്ചും
അഞ്ചോണം പിഞ്ചോണം' എന്നിങ്ങനെയും ഓണച്ചൊല്ലുണ്ട്. ഇതും അനുഭവത്തിന്റെ പകർപ്പുതന്നെയാണ്, ഓണത്തിനുമാത്രം ലഭിക്കുന്ന സമൃദ്ധിയുടെ, നൈമിഷികതയുടെ ആഖ്യാനമാണ്. ഓണത്തിനുമാത്രം കൈവന്നിരുന്ന സമൃദ്ധിയെയും സുരക്ഷിതബോധത്തെയും സ്ഥിരമായി നിലനിർത്താനുള്ള ശ്രമമാണ് മനുഷ്യർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ അനിവാര്യമായ അപചയങ്ങൾ പലതും സംഭവിച്ചുപോയിട്ടുണ്ട്. പക്ഷേ, അത് അങ്ങനെയാകാതെ വയ്യ.

കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങൾ എല്ലാംതന്നെ പ്രകൃതിയുമായും കൃഷിയുമായും ബന്ധപ്പെട്ടതാണ്. ഓണവുമായും അതിന്റെ പരമ്പരാഗത ആചരണവുമായും ബന്ധപ്പെട്ട് ആലോചിക്കുമ്പോൾ ഒരുപാട് പരിക്കുകൾ പ്രകൃതിക്കു സംഭവിച്ചതായി കാണാം. ഓണത്തിന്റെ സുപ്രധാനപ്രതീകമായിരുന്നു ഊഞ്ഞാൽ. വലിയ മരങ്ങളുടെ കരുത്തുറ്റ ഉയർന്നശിഖരങ്ങളിൽ ഇട്ടിരുന്ന ഊഞ്ഞാൽ ഇന്നില്ല; മരങ്ങളുമില്ല.

ശേഷം പേജ് – 3






ഓണാശംസകൾ !

**S.J. ആയുർവേദ ഫാർമസി**

പുതിയ കാവ് ടെമ്പിൾ റോഡ് ചെത്തിമറ്റം – പാലാ

ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ

**മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...**

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

ഓണാശംസകൾ

**അഗ്രിമ**

ഷോപ്പിംഗ് കോംപ്ലക്സ്

പാലാ : സെന്റ്. തോമസ് പ്രസിന് സമീപം 9074556724
മുട്ടുചിറ : ഫൊറോന പള്ളിക്ക് സമീപം 8547226102

- കർഷക ഓപ്പൺ മാർക്കറ്റ്
- ഇക്കോ ഷോപ്പ്
- കാർഷിക നഴ്സറി
- പൂച്ചട്ടികൾ
- ജൈവ വളങ്ങൾ
- കാർഷിക ഉപകരണങ്ങൾ

അഗ്രിമ സെൻട്രൽ നഴ്സറി
മുണ്ടുപാലം (പാലാ -രാമപുരം റോഡ്)
(കേരള ഗവ. അംഗീകൃതം)
വിദേശ ഫലവൃക്ഷ തൈകൾ
പൂച്ചെടികൾ,പൂച്ചട്ടികൾ
ജൈവ വളങ്ങൾ
9074556714

ഓണാശംസകൾ !

Thanks to the whole-hearted support and co-operation for the past few years

**SURYA DRUGS**

Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)

WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

**പാലാ സാൻതോം ഫുഡ് ഫാക്ടറി**
(മുണ്ടുപാലം-പാലാ)




പാലാ രൂപതയുടെ കാർഷിക വിള മൂല്യവർദ്ധിത ഉത്പന്ന ഫാക്ടറി

**കേരളാഗ്രോ സ്റ്റോർ**
(സെന്റ് തോമസ് പ്രസിന് എതിർവശം, പാലാ)

കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ വിഭവങ്ങൾ ലഭ്യമാകുന്ന കോട്ടയം ജില്ലയിലെ ഏക കേരളാഗ്രോ സ്റ്റോർ

8848589880

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

ഓർമയിലെ ഓണം

# വല്യച്ചൻ ഊട്ടിയ ഓണസദ്യ



ളാക്കാട്ടൂർ പൊന്നപ്പൻ

ഓണം കേരളീയർ കാലാകാലമായി ജാതിമതഭേദമെന്യെ കൊണ്ടാടുന്ന ഉത്സവമാണെന്ന് എനിക്ക് അനുഭവവേദ്യമായത് നാലാംതരത്തിൽ പഠിക്കുന്ന കാലത്താണ്. അന്നു ഞങ്ങൾ അമയന്നൂർ വരകുമലക്കവലയിലാണ് താമസം. ഓണം അടുത്തപ്പോൾ നാടും വീടും ഉണർന്നതും ചുറ്റുപാടുകൾ ശബ്ദായമാനമായതും പ്രകൃതിപോലും പൂത്തുലസിക്കുന്നതും എല്ലാം ഇന്നും ഓർമയിൽ ത്രസിച്ചു നിൽക്കുന്നു.

ഒരാഴ്ചമുന്നേ, വലിയച്ഛൻ (അമ്മയുടെ അച്ഛൻ) കിളിരൂരിൽനിന്ന് ഒരു വല്ലക്കുട്ട നിറയെ എന്തൊക്കെയോ പലഹാരങ്ങളും പാളത്തൈരുമായി വീട്ടിലെത്തിയിരുന്നു. വീടും വഴിയും പരിസരങ്ങളും ചെത്തിയൊരുക്കി ഓണം വരുത്തിയത് വലിയച്ഛനാണ്. എന്നെയും നാലു സഹോദരങ്ങളെയും അയൽപക്കത്തെ ചില കുട്ടികളെയും ചുറ്റിനുമിരുത്തി മാവേലിയുടെ കഥ പറഞ്ഞുതരുന്നത് മറന്നിട്ടില്ല. പ്രജാക്ഷേമതത്പരനായിരുന്ന ആ നല്ല ചക്രവർത്തിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയ കഥ കേട്ട് ഞങ്ങൾ കുട്ടികൾ സങ്കടപ്പെട്ടു. മുൻനിരയിലെ ഒരു പല്ലുപോയ വല്യച്ഛന്റെ ചിരിയും അഭിനയവും കണ്ട് ഞങ്ങൾ രസിച്ചിരുന്നുപോയി. ഇടയ്ക്കൊരു കാര്യം; വലിയച്ഛൻ തിക്കുറിശ്ശി സുകുമാരൻനായരുടെ നാടകക്കമ്പനിയിലെ നടനായിരുന്നു(കൊമേഡിയൻ, ബഫൂൺ എന്നു പറയും). പാതാളത്തിലേക്കു പോയ മാവേലി ഓണനാളിൽ പ്രജകളെ കാണാൻ നാട്ടിലേക്കു വരുമെന്നും, നമ്മൾ കുളിച്ചൊരുങ്ങി പുത്തനുടുത്ത് വയറു നിറയെ ആഹാരം കഴിക്കണമെന്നും തമ്പുരാൻ വയറിൽ തപ്പി നോക്കുമെന്നും ഒക്കെപ്പറഞ്ഞു. അതിനു ജാതിമതഭേദമൊന്നുമില്ലത്രേ! ഇതു കേട്ട് ഞങ്ങളുടെ കൂടെയിരുന്ന ശങ്കരന്റെ ഒരു സംശയം: 'മാപ്പളമാരും കോഷിക്കോ വല്യച്ഛാ...''

''പിന്നെ; അവരും ഘോഷിക്കും.'' ക്രിസ്ത്യാനികളെ ഒന്നടങ്കം മാപ്പിളമാർ എന്നായിരുന്നു അക്കാലത്ത് ആ പ്രദേശങ്ങളിൽ വിളിച്ചിരുന്നത്.

''താതെയ്യം തായെയ്യം താരോ - തക - തിന്തകം തിന്തകം താരോ ഓണം വന്നോണം വന്നല്ലോ നമ്മൾ, കാണം വിറ്റുണ്ണണം പെണ്ണേ!'' വല്യച്ഛൻ ഈണത്തിൽപ്പാടി. നാടകത്തിലെ ചില ഇനങ്ങളും ഞങ്ങളെ കാണിച്ചു; ചിരിപ്പിച്ചു. താളം പിടിപ്പിച്ചു.


ഓണത്തിന്റെ തലേദിവസം ഉത്രാടം! ഉത്രാടപ്പാച്ചിൽ എന്താണെന്ന് അന്നാണ് ഞങ്ങൾക്കു മനസ്സിലായത്. ചന്തയിലും കടകളിലും വഴിയോരക്കച്ചവടസ്ഥലത്തും എല്ലാം തിരക്കോടു തിരക്ക്. ഏത്തയ്ക്കാ, മത്തങ്ങാ, ചേന, പയറ്, മാങ്ങാ, പടവലങ്ങ, പാവയ്ക്ക, വഴുതിനങ്ങ എന്നു വേണ്ട എന്തിനും തലങ്ങും വിലങ്ങും അമ്മമാരും ചേച്ചിമാരും ചേട്ടന്മാരും ഓട്ടംതന്നെ ഓട്ടം! ഇതാണത്രേ ഉത്രാടപ്പാച്ചിൽ!

ഞാനും കുറെ കൂട്ടുകാരും കൊട്ടയുമായി പൂ പറിക്കാനിറങ്ങി. ആറാട്ടുകടവുങ്കൽ ഭാഗത്തേക്കും അയർക്കുന്നം കാളച്ചന്തഭാഗത്തേക്കും ഒക്കെ സംഘങ്ങളായി പിരിഞ്ഞ് രസംപറഞ്ഞ് പൂതേടി യാത്രയായി! ഏറെനേരം കഴിഞ്ഞിട്ടും ഞങ്ങളെ കാണാഞ്ഞതിനാൽ കാറിക്കൂവി ചേച്ചിമാരും ചേട്ടന്മാരും അതാ വരുന്നു! കിട്ടിയ പൂക്കൾ കൊട്ടയോടെ തട്ടിപ്പറിച്ച് അവർ ഓടി! ഞങ്ങൾ കരഞ്ഞുകാറിപ്പിറകേ, ആകെ ബഹളം!

വൈകിട്ടായപ്പോൾ കായ പൊളിച്ചും അരിഞ്ഞും അച്ഛനും വലിയച്ഛനും! അതു ചീനച്ചട്ടിയിലും ഉരുളിയിലും വറുത്തുകൊണ്ട് അമ്മയും അപ്പച്ചിയും (അച്ഛന്റെ പെങ്ങൾ) വല്യമ്മയും. പിറ്റേന്നു വേണ്ട ഇഡ്ഡലിക്ക് അരി അരയ്ക്കാൻ ആട്ടുകല്ലുള്ള ചാക്കോ മാപ്ലയുടെ വീട്ടിലേക്ക് ഒരു ചേട്ടനെ പറഞ്ഞുവിട്ടു. രാത്രിയാവുന്നു. ഞങ്ങൾക്കെല്ലാവർക്കും കഞ്ഞിയും പയറും പുഴുക്കും ചമ്മന്തിയും തന്ന്; പോയി സുഖമായി ഉറങ്ങി രാവിലെ വരാൻ കല്പിച്ച് വല്യച്ഛനും പോയി. ഓണം സ്വപ്നം കണ്ടു ഞങ്ങൾ കിടന്നു; പെട്ടെന്ന് ഉറങ്ങിപ്പോയി.

നേരം വെളുക്കുംമുമ്പേ അമ്മ ഞങ്ങളെ വിളിച്ചുണർത്തി. തല നിറയെ എണ്ണ വച്ച് സോപ്പും തോർത്തും തന്ന് അയൽപക്കത്തെ ചേച്ചിമാരുടെകൂടെ കുളിക്കാൻ വിട്ടു; വാലുങ്കൽതോട്ടിൽ. നല്ല തെളിഞ്ഞ വെള്ളം. അധികം സമയം നീന്താൻ ചേച്ചിമാർ സമ്മതിച്ചില്ല. വീട്ടിലെത്തി. ഇഡ്ഡലിയും ചമ്മന്തിയും ഉപ്പേരിയും പപ്പടവും കൂട്ടി പ്രഭാതഭക്ഷണം. പിന്നെ അയൽപക്കത്തെ മോഹനൻ, കുഞ്ഞുമോൻ, അനിയൻ, സുര എന്നിവരുമായി ഞാൻ നാടൻപന്തുകളിയിലും എന്റെ പെങ്ങന്മാർ അവരുടെ കൂട്ടുകാരായ, കല്യാണി, പൊന്നമ്മ, കനകമ്മ എന്നിവരുമായി തുമ്പിതുള്ളാനും പോയി. 12 മണിയായപ്പോൾ വല്യച്ഛന്റെ വിളി (കല്പന) വന്നു. വേഗം വരൂ. കൈകഴുകി ഇരിക്കൂ. ഞങ്ങൾ നോക്കുമ്പോൾ വരാന്തയിൽ പത്തുപന്ത്രണ്ട് ഇലകളിൽ കറികളെല്ലാം വിളമ്പിവച്ചിരിക്കുന്നു. അല്പം മാറ്റി മറ്റൊരു നാക്കിലയിൽ ചോറ് ഉൾപ്പെടെ, കിണ്ടിയിൽ വെള്ളവും കോടിമുണ്ടും. ഇതെന്തു കഥ! ഞങ്ങൾ നോക്കിനിന്നപ്പോൾ അത് മാവേലിമന്നനു വിളമ്പിയ ഇലയാണെന്ന് അമ്മ പറഞ്ഞു. എല്ലാവരും ചമ്രംപടിഞ്ഞിരുന്നു. ചൂടുപറക്കുന്ന കുത്തരിച്ചോറ്, അതിനുമുകളിൽ പരിപ്പുകറി, പപ്പടം, പിന്നെ നെയ്യ്. വല്യച്ഛൻ മുന്നിൽ വന്ന് പപ്പടം പൊടിച്ചിട്ട് പരിപ്പുകറി ഇളക്കിക്കുഴച്ച് ആദ്യത്തെ ഉരുള കൈയിലെടുക്കാൻ കല്പന തന്നു. എല്ലാരും കഴിയുന്നത്ര വലുപ്പത്തിൽ ഉരുട്ടി കൈയിൽ വച്ചു. അടുത്ത ഓർഡർ വന്നു, വായിലിട്ടു വിഴുങ്ങാൻ. ഇനി ഇഷ്ടംപോലെ എന്നു പറഞ്ഞ് വല്യച്ഛൻ പോയി. അവസാനം പായസമുണ്ട്, അതുകഴിക്കാൻ വയറ് ഒഴിച്ചിടണമെന്ന് അപ്പച്ചി. പയറുപായസം വന്നുകഴിഞ്ഞു. പപ്പടവും പഴവും കൂട്ടിക്കുഴച്ച് നാരങ്ങാക്കറി തൊട്ടുകൂട്ടി പായസം കഴിക്കണം. അങ്ങനെതന്നെ കഴിച്ചു. അവസാനം മോരുകുടിച്ച് ഊണു നിർത്തണമെന്ന് അപ്പച്ചിയുടെ അഭിപ്രായവും ഞങ്ങൾ കണക്കിലെടുത്തു. ഓണസദ്യ കഴിഞ്ഞു. ■





ഡോ. കുര്യാസ് കുമ്പളക്കുഴി

ഇസ്രയേൽ ഒരു ചരിത്രവിസ്മയം

6

# അൽക്വയിദയും ഇസ്ലാമിക് സ്റ്റേറ്റും

ലോകത്തെ ആകെ ഭയപ്പെടുത്തിയ മറ്റൊരു തീവ്രവാദിപ്രസ്ഥാനമാണ്, ഇസ്ലാമിക് സ്റ്റേറ്റ്. 1999 ൽ ഇറാക്ക് തീവ്രവാദി അബൂബക്കർ അലി ബാഗ്ദാദിയാണ് ഐ.എസ്.സ്ഥാപിച്ചത്. അധ്യാപകനായിരുന്ന അലിബാഗ് ദാദി ഇറാക്കിലെ ഒരു തീവ്രവാദിനേതാവായി മാറി. ലോകം മുഴുവൻ അടങ്ങുന്ന ഒരു മുസ്ലീം രാഷ്ട്രമെന്ന സങ്കല്പമാണ് ഈ സംഘടനയ്ക്കുണ്ടായിരുന്നത്. തുർക്കി ആസ്ഥാനമായി മുസ്ലീങ്ങളെ മുഴുവൻ ഭരിച്ചിരുന്നു എന്നു കരുതപ്പെടുന്നു. ഖലീഫസ്ഥാനം പുനർജീവിപ്പിക്കണമെന്നവർ ആഗ്രഹിച്ചു. അതുകൊണ്ടാണ്, അലി ബാഗ്ദാദി എന്ന ഒന്നാം ഖലീഫയായി സ്വയം പ്രഖ്യാപിച്ചത്. മറ്റു തീവ്രവാദഗ്രൂപ്പുകളെപ്പോലെ അമേരിക്കയും ഇസ്രയേലുമായിരുന്നു ഇസ്ലാമിക് സ്റ്റേറ്റിന്റെയും മുഖ്യശത്രുക്കൾ. ലോകത്തെ മുഴുവൻ ഒരു കാലിഫേറ്റ് ആയി പ്രഖ്യാപിച്ച ഇസ്ലാമിക് സ്റ്റേറ്റ് എല്ലാ മുസ്ലീങ്ങളും തങ്ങളുടെ നിയമം അനുസരിക്കണമെന്നു ശഠിച്ചു. അതിനു തയ്യാറാകാത്തവരെ വളരെക്രൂരമായി കൊലചെയ്ത് ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ചു ജനങ്ങളെ ഭയപ്പെടുത്താൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. മുസ്ലീംവിഭാഗത്തിലെ ഷിയകളെയും മധ്യപൂർവദേശത്തെ ക്രിസ്ത്യാനികളെയുമാണവർ തുടരെ കൊന്നുതള്ളിക്കൊണ്ടിരുന്നത്.

30000 പടയാളികളുമായി ഇറാനിൽ താവളമടിച്ചിരുന്ന ഇസ്ലാമിക് സ്റ്റേറ്റ് ലോകത്തിനു മുഴുവൻ ഭീഷണിയായി മാറിയപ്പോൾ അവരെ തകർക്കാനുള്ള ശ്രമങ്ങൾ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും ഭാഗത്തുനിന്നുണ്ടായി. ഒടുവിൽ 2019 ഒക്ടോബർ 27 ന് സിറിയയിലെ ബാരിഷയിൽ ഒളിവിലിരുന്ന ബാഗ്ദാദിയെ അമേരിക്കൻ കമാൻഡോകൾ കണ്ടെത്തി വധിക്കുകയാണുണ്ടായത്.

ഇന്ത്യയ്ക്കു പലപ്പോഴും ശല്യം ചെയ്യുന്ന ലഷ്കർ ഇതൊയ്ബെ എന്ന തീവ്രവാദിഗ്രൂപ്പും യഹൂദരെപ്പോലെ ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും ഉന്മൂലനം ചെയ്യണമെന്ന സ്വപ്നവുമായി നടക്കുന്നവരാണ്. 2025 ഏപ്രിൽ 22 ന് കാഷ്മീരിലെ പഹൽഹാമിൽ ടൂറിസ്റ്റുകൾക്കെതിരേ ആക്രമണം നടത്തി നിരപരാധികളെ വധിച്ച റസിസ്റ്റന്റ്സ് ഫ്രണ്ട് എന്ന തീവ്രവാദഗ്രൂപ്പ് ലഷ്കർ ഇതൊയ്ബെയുടെ ഉപഘടകങ്ങളിലൊന്നാണ്.

1990 ൽ അഫ്ഗാനിസ്ഥാനിലെ ഹാഫിസ് മുഹമ്മദ്, സഫർ ഇക്ബാർ എന്നീ തീവ്രവാദികളാണ് ലഷ്കർ ഇതൊയ്ബെ സ്ഥാപിച്ചത്. ഇപ്പോൾ പാക്കിസ്ഥാനിലാണ് ആസ്ഥാനം. ദക്ഷിണേന്ത്യയിൽ ഒരു മുസ്ലീം രാഷ്ട്രമാണ് ഇവരുടെ ലക്ഷ്യം.

ലോകജനത്ക്കു മുഴുവൻ ഭീഷണിയായിത്തീർന്നിട്ടുള്ള ഇസ്ലാമിസ്റ്റുതീവ്രവാദിപ്രസ്ഥാനങ്ങളുടെ എണ്ണം അമ്പതു കവിഞ്ഞിട്ടുണ്ട്. ഇപ്പോഴും പുതിയത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുസ്ലീംരാഷ്ട്രങ്ങൾക്കു പുറമേ മറ്റു രാഷ്ട്രങ്ങളിലെ സമ്പന്നമുസ്ലീങ്ങളും മുസ്ലീംപ്രസ്ഥാനങ്ങളും ഇവർക്കു താങ്ങും തണലുമായി നിലകൊള്ളുന്നു.

ഈ തീവ്രവാദസംഘടനകളുടെ പ്രത്യക്ഷത്തിൽ നിർദോഷമെന്നു തോന്നാവുന്നതെങ്കിലും അത്യന്തം അപകടകരമായ അജണ്ടയാണ് അഭയാർത്ഥികളെ കൂട്ടത്തോടെ യൂറോപ്യൻരാജ്യങ്ങളിലേക്കു തള്ളിവിടുന്ന പരിപാടി. മുസ്ലീംരാജ്യങ്ങളിൽ ആഭ്യന്തരകലാപങ്ങൾ ഉണ്ടാക്കിയും തങ്ങൾക്ക് അനഭിമതരായവരെ പീഡിപ്പിച്ചും രാജ്യത്തുനിന്നു പുറത്താക്കുകയാണിവർ ചെയ്യുന്നത്. ഇങ്ങനെ പുറത്താക്കപ്പെടുന്നവരിൽ ഭൂരിപക്ഷവും മുസ്ലീങ്ങളായിരിക്കും. യൂറോപ്യൻ രാഷ്ട്രങ്ങളും അമേരിക്കയും മാനുഷികപരിഗണനയുടെ പേരിൽ ഇവർക്ക് അഭയം കൊടുക്കുന്നു. നാളിതുവരെ ഏതാണ്ട് 122 ദശലക്ഷം അഭയാർത്ഥികൾ പടിഞ്ഞാറൻ നാടുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇപ്പോൾത്തന്നെ ബ്രിട്ടൺ ഉൾപ്പെടെ പല രാജ്യങ്ങൾക്കും ഇവർ വലിയ തലവേദനയായിക്കഴിഞ്ഞിരിക്കുന്നു. അനതിവിദൂരഭാവിയിൽ ലോകസമാധാനത്തിനും സുരക്ഷയ്ക്കും ഇവർ ഭീഷണിയായിത്തീർന്നേക്കാമെന്നു പലരും ആശങ്കപ്പെടുന്നു. തങ്ങൾ ഈ രാജ്യങ്ങളിൽ ഭീകരപ്രവർത്തനം ശക്തിപ്പെടുത്തുമ്പോൾ അവിടത്തെ അഭയാർത്ഥികൾ അഞ്ചാംപത്തികളായി തങ്ങളെ സഹായിക്കുമെന്നു ഭീകരസംഘടനകൾ കണക്കുകൂട്ടുന്നു.

(തുടരും)



ഷിബു കൈതയ്ക്കൽ

# മതിലുകൾ കടന്ന മഹോത്സവം

കേരളത്തിന്റെ സ്വന്തം മഹോത്സവമാണ് ഓണം. വേനൽക്കാലവും മഴക്കാലവും പിന്നിട്ട് വിളവെടുപ്പിന്റെ സന്തോഷത്തോടൊപ്പം എത്തിച്ചേരുന്ന ആഘോഷം. ഓണം കേരളത്തിന്റെ സംസ്കാരത്തെ, ഐക്യത്തെ, സാമൂഹികസഹവർത്തിത്വത്തെ പ്രതിഫലിപ്പിക്കുന്നു.

മഹാബലിയുടെ കാലത്തെ സമത്വവും സമൃദ്ധിയും ഓർമ്മപ്പെടുത്തുന്നതാണ് ഓണംനാളുകൾ. ജാതി, മതവ്യത്യാസങ്ങൾ മറന്ന് എല്ലാവരും ഒന്നിച്ചാഘോഷിക്കുന്ന ലോകത്തിലെതന്നെ മഹോത്സവങ്ങളിലൊന്നാണിത്. എല്ലാവർക്കും ഒത്തുചേരാനും ഒരുമിച്ചു ഭക്ഷണം കഴിക്കാനും അവസരമൊരുക്കുന്ന ഓണം സാമൂഹികസമത്വത്തിന്റെ വലിയ പാഠമാണ് മുന്നോട്ടുവയ്ക്കുന്നത്.

കാലാനുസൃതമായി ഓണാഘോഷങ്ങളിൽ പല മാറ്റങ്ങളും വന്നുവെങ്കിലും, അതിന്റെ സാമൂഹിക പ്രസക്തി ഇന്നും ശക്തമാണ്. തൊഴിലിനായി വിദേശരാജ്യങ്ങളിലും മറ്റു സംസ്ഥാനങ്ങളിലും കഴിയുന്ന മലയാളികൾക്ക് ഓണം ഒരു ഗൃഹാതുരത്വം പേറുന്ന ഓർമ്മയും വികാരവുമാണ്. വിദേശത്തു കഴിയുന്നവർ കുടുംബസമേതം ഓണസദ്യ ഒരുക്കാനും പാരമ്പര്യകളികൾ നടത്താനും എപ്പോഴും ഉത്സുകരാണ്.



ഓണത്തിന്റെ യഥാർത്ഥമൂല്യം ഒരുമയും സ്നേഹം പങ്കിടലും തന്നെയാണ്. പ്രകൃതിയോടുള്ള ആദരവും വിളവിനോടുള്ള നന്ദിയും പരസ്പരസഹകരണവും ഓണം നമ്മെ പഠിപ്പിക്കുന്നു.

ഓണം ഇന്ന് ഒരു മതത്തിന്റെയും ഉത്സവമല്ല; മറിച്ച്, കേരളീയരുടെ സംസ്കാരത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു. ഓണാഘോഷം നമ്മെ കൂട്ടായ്മയിലേക്കും സഹവർത്തിത്വത്തിലേക്കും നയിക്കുന്നു.

ഓണത്തിന്റെ പ്രസക്തി അത് കേരളത്തിന്റെ ഐക്യവും സൗഹൃദവും സംസ്കാരവും പ്രതിനിധീകരിക്കുന്നുവെന്നതിലാണ്. മതം, സമ്പത്ത്, രാഷ്ട്രീയം തുടങ്ങി ഏതു മതിലും കടന്നുപോയി എല്ലാരെയും ഒരുമിപ്പിക്കുന്ന ആത്മീയശക്തിയാണ് ഓണം.

കവിത

# പൊന്നോണം

സുധാംശു

മുറ്റത്തൊരു തുമ്പ കിളിർത്താൽ
തുമ്പക്കുടമഴകിൽ വിടർന്നാൽ
അതിലൂഞ്ഞാലാടി മദിക്കാൻ
പൂത്തുമ്പി പറന്നുനടന്നാൽ
അകലത്തെ തൊടികളിലെങ്ങോ
പൂവേപൊലി പൂവിളികേട്ടാൽ
വേലിയിലെ ചേമന്തിപ്പൂ
പൂങ്കാറ്റിൽ ആടിയുലഞ്ഞാൽ
അയലത്തെ സുന്ദരിമാരുടെ
തിരുവാതിരശീലുകൾ കേട്ടാൽ
കാക്കപ്പൂ കണ്ണുകളെഴുതി
മുക്കുറ്റിക്കമ്മലണിഞ്ഞാൽ
അകലത്തൊരു കോണിൽനിന്നും
മെതിയടിയുടെ നാദം കേട്ടാൽ
അമരംതൊട്ടണിയംവരെയും
ആവേശത്തിരകളുയർത്തി
ആർപ്പുവിളിച്ചാ മോദത്തിൽ
കളിവഞ്ചികൾ തുഴയണകണ്ടാൽ
ഉത്രാടപ്പാച്ചിലിനിടയിൽ
ഉപ്പേരി വറുത്തുനിറച്ചാൽ
ഓണനിലാവെഴുതിയ മുറ്റ-
ത്തൊരുമയൊടൊരു പൂക്കളമിട്ടാൽ
തിരുവോണത്തോണിയിലേറി
തൃക്കാക്കരയപ്പനണഞ്ഞാൽ
പൊന്നോണം വരവായെന്ന്
മഞ്ഞക്കിളി പാടിയുണർത്തും.






ഓണാശംസകൾ
ജോൺസൺ ഡ്രൈക്ലീനേഴ്സ്
SINCE 1954
വിശ്വാസ്യതയുടെ 71 വർഷങ്ങൾ
ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്
മെയിൻ റോഡ്, പാലാ PH: 04822 - 212353
പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753
മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753
നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

# പ്രതീക്ഷയുണർത്തി ഓണച്ചിത്രങ്ങൾ




തീയറ്ററുകൾ നിറയുന്ന അപൂർവം ചില വിശേഷാവസരങ്ങളാണ് ഓണവും ക്രിസ്മസും വിഷുവും റംസാനും മറ്റും. അതിൽത്തന്നെ ഓണം മുമ്പന്തിയിലാണ്.

ഇത്തവണത്തെ ഓണച്ചിത്രങ്ങളെക്കുറിച്ചുള്ള പ്രേക്ഷകരുടെ പ്രതീക്ഷയും വാനോളമാണ്. അതിൽ ഒന്നാമതായുള്ളത് മോഹൻലാൽ–സത്യൻ അന്തിക്കാട് ടീമിന്റെ ഹൃദയപൂർവം എന്ന സിനിമയാണ്. ഓഗസ്റ്റിന് 28 നാണ് ഹൃദയപൂർവം തീയറ്ററിലെത്തുന്നത്. 'തുടരും' എന്ന സിനിമയിലൂടെ മലയാളികുടുംബങ്ങളിലേക്കു മോഹൻലാൽ നടത്തിയ തിരിച്ചുവരവിന്റെ തുടർച്ചയായിരിക്കുമോ 'ഹൃദയപൂർവം' എന്നാണ് പ്രേക്ഷകരുടെ ആകാംക്ഷ. ഒരു സൂപ്പർതാരത്തിന്റെ ചിത്രം ഹിറ്റും സൂപ്പർഹിറ്റുമാകുമ്പോൾ തുടർന്നുവരുന്ന സിനിമയും ചരിത്രം ആവർത്തിക്കുമെന്ന പ്രതീക്ഷ. ആ പ്രതീക്ഷ തന്നെയാണ് ഹൃദയപൂർവത്തിന്റെ കാത്തിരിപ്പിനെ ശ്രദ്ധേയമാക്കുന്നതും.

മാത്രവുമല്ല, മോഹൻലാലും സത്യൻ അന്തിക്കാടും ഒന്നിക്കുന്ന ഇരുപതാമത്തെ ചിത്രംകൂടിയാണ് ഹൃദയപൂർവം. കളിയിൽ അല്പംകാര്യം, പിൻഗാമി, ഇന്നത്തെ ചിന്താവിഷയം പോലെയുള്ള ചുരുക്കംചില ചിത്രങ്ങളേ ഈ കൂട്ടുകെട്ടിൽ വിജയിക്കാതെപോയിട്ടുള്ളൂ. സത്യനൊപ്പമുണ്ടായിരുന്ന പല സംവിധായകരും പിന്തള്ളപ്പെട്ടപ്പോഴും ഇന്നും സിനിമകളുണ്ട് എന്നത് സത്യന് കുടുംബപ്രേക്ഷകരുടെ മനസ്സ് മനസ്സിലാക്കാൻ കഴിവുണ്ട് എന്നതിനു തെളിവാണ്. ഒരേ റൂട്ടിൽ സ്ഥിരമായി ഓടുന്ന സിനിമകളാണ് സത്യന്റേതെന്ന് സലിംകുമാറിനെപ്പോലെയുള്ളവർ വിമർശിക്കുമ്പോഴും സലീംകുമാറിനെക്കാൾ വിജയിച്ചതും നല്ലതും റിപ്പീറ്റ് വാല്യുവുള്ളതുമായ ചിത്രങ്ങളുടെ സംവിധായകനാണ് സത്യൻ എന്നത് ആർക്കും നിഷേധിക്കാനാവില്ല

പുതിയ സെൻസേഷനുകളെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിവുള്ള സംവിധായകൻ കൂടിയാണ് സത്യൻ അന്തിക്കാട്. നിവിൻ പോളി തരംഗമായി നിന്നപ്പോൾ 'പുതിയ തീരങ്ങളും' ദുൽഖറിനെ വച്ച് 'ജോമോന്റെ സുവിശേഷങ്ങളും' ഫഹദിനെ വച്ച് ഒന്നിലധികം ചിത്രങ്ങളും എടുത്ത് താൻ അപ്റ്റുഡേറ്റാണെന്നു തെളിയിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. 'എന്നും എപ്പോഴും' സിനിമയിൽ ജേക്കബ് ഗ്രിഗറിയെ മോഹൻലാലിന്റെ ജോടിയായി നിശ്ചയിച്ചതുപോലെ പ്രേമലുവിൽ തരംഗമായി മാറിയ സംഗീതിനെയാണ് 'ഹൃദയപൂർവ'ത്തിൽ മോഹൻലാലിനൊപ്പം സത്യൻ വിന്യസിച്ചിരിക്കുന്നത്. സ്ഥിരം തിരക്കഥാകൃത്തുക്കളെയെല്ലാം ഒഴിവാക്കി സോനു ടിപിയെയാണ് ഹൃദയപൂർവത്തിന്റെ തിരക്കഥയൊരുക്കാൻ സത്യൻ ക്ഷണിച്ചത് എന്നതും ശ്രദ്ധേയം. സോനുവിന്റെ ക്രിയേറ്റിവിറ്റിയും മക്കൾ അഖിൽ–അനൂപുമാരുടെ പിന്തുണയും ചേരുമ്പോൾ മലയാളികൾ ഇഷ്ടപ്പെടുന്ന മോഹൻലാലിനെ ഹൃദയപൂർവത്തിൽ കാണാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നവരാണേറെ. അതുകൊണ്ടുതന്നെ വിജയപ്രതീക്ഷയിലാണു 'ഹൃദയപൂർവ'ത്തിന്റെ പ്രേക്ഷകർ.





'ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള' എന്ന സിനിമയുടെ സംവിധായകനായും മന്ദാകിനിയിലെ കേന്ദ്രകഥാപാത്രമായും 'പാച്ചുവും അദ്ഭുതവിളക്കും'പോലെയുള്ള സിനിമകളിൽ സഹതാരമായും ശ്രദ്ധേയനായ അൽത്താഫ് സലീം രചനയും സംവിധാനവും നിർവഹിച്ച, ഫഹദ് ഫാസിൽ നായകനായ 'ഓടുംകുതിര ചാടുംകുതിര'യാണ് മറ്റൊരു ഓണച്ചിത്രം. ഹൃദയപൂർവത്തിന്റെ തൊട്ടുപിറ്റേദിവസം ചിത്രം തീയറ്ററിലെത്തും. കല്യാണി പ്രിയദർശനും ഫഹദും ആദ്യമായി ഒന്നിക്കുന്നു എന്നത് ഈ ചിത്രത്തിന്റെ ഫ്രഷ്നസ് വർദ്ധിപ്പിക്കുന്നുണ്ട്. പുതിയകാലത്തിന്റെ സംവിധായകനാണ് അൽത്താഫ് എന്നതും ഫഹദിന്റെ മാജിക്കും കല്യാണിയുടെ ക്യൂട്ട്നസും ചിത്രത്തിനു പോസിറ്റീവായി മാറാൻ സാധ്യതയുണ്ട്.

കല്യാണിയുടെ മറ്റൊരു ചിത്രം കൂടി ഓണത്തിനെത്തുന്നുണ്ട്– 'ലോകാ ചാപ്റ്റർ–1 ചന്ദ്ര.' ഇവിടെ കല്യാണിക്കൊപ്പമുള്ളത് നസ്ലീനാണ്. പ്രേമലുവിന്റെയും ആലപ്പുഴ ജിംഖാനയുടെയും തരംഗം കെട്ടടങ്ങാതെ നില്ക്കുമ്പോഴാണ് നസ്ലീൻ പുതിയ കൂട്ടുകെട്ടിൽ വരുന്നത്. പുതുമുഖമായ ഡൊമിനിക് അരുൺ സംവിധാനം ചെയ്തിരിക്കുന്ന ചിത്രത്തിന്റെ നിർമാതാവ് ദുൽഖർ സൽമാനാണ്. മാത്രവുമല്ല, ഒരു സൂപ്പർഹീറോ ചിത്രമാണ് ഇതെന്നാണ് സൂചനയും. കല്യാണിയാണ് സൂപ്പർ ഹീറോയാകുന്നത് എന്നത് ചിത്രത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നു. ഇന്ത്യൻ സിനിമയിൽത്തന്നെ നായിക സൂപ്പർ ഹീറോയാകുന്നു എന്നതാണ് ലോകായുടെ ചരിത്രം നിശ്ചയിക്കുന്നത്. തുടർഭാഗങ്ങളുള്ള ഇതിവൃത്തമാണ് ലോകായെന്നാണ് സൂചന. അതുപോലെ ബഡ്ജറ്റിന്റെ കാര്യത്തിലും കാൻവാസ് വിശാലമാണ്. 150 കോടി മുതൽമുടക്കിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. അതാവട്ടെ നിലവിലുള്ള പല മലയാളസിനിമകളെക്കാളും വലിയ ബജറ്റാണുതാനും.

ഇത്തവണത്തെ ഓണത്തിന് മമ്മൂട്ടിയുടെ ചിത്രങ്ങളില്ല എന്നതാണ് മറ്റൊരു പ്രത്യേകത. അതുപോലെ പൃഥിരാജ്, കുഞ്ചാക്കോബോബൻ, ആസിഫ് അലി തുടങ്ങിയവർക്കും. കഴിഞ്ഞ ഓണത്തിന് ഇറങ്ങിയവയിലും മമ്മൂട്ടി – മോഹൻലാൽ ചിത്രങ്ങളുണ്ടായിരുന്നില്ല. അജയന്റെ രണ്ടാം മോഷണം, കിഷ്കിന്ധാകാണ്ഡം, കൊണ്ടൽ, ബാഡ്ബോയ്സ്, കഥ ഇതുവരെ എന്നീ ചിത്രങ്ങളായിരുന്നു കഴിഞ്ഞതവണ ഓണംറീലിസായി തീയറ്ററിലെത്തിയത്. ഇതിൽ അജയന്റെ രണ്ടാംമോഷണവും കിഷ്കിന്ധാകാണ്ഡവും വിജയചിത്രങ്ങളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

ഈ വർഷത്തെ ഓണച്ചിത്രങ്ങളിൽ വിജയം ആരു കൊണ്ടുപോകും? മോഹൻലാലോ ഫഹദോ അതോ നസ്ലിനോ? ഇനി അതറിയാൻ ഏതാനും ദിവസങ്ങൾ മാത്രം.



# രാജവേഷത്തെ കോലം കെട്ടിക്കരുതേ!



ശശീന്ദ്രൻ കെ.സി. ചാല

ചിങ്ങപ്പുലരിയിൽ ചിറകുകൾ ചീകിയൊതുക്കി കിളികൾ ചിനുങ്ങിച്ചിനുങ്ങി ചിലച്ചു. കതിരവൻ കനിവുകാട്ടി കറുത്ത മേഘങ്ങളുടെ കമ്പിളിപ്പുതപ്പ് തള്ളിനീക്കി കണ്ണിറുക്കി കാട്ടി. വൃക്ഷത്തലപ്പുകൾ അതിന്റെ കിരണങ്ങളേറ്റ് മിന്നിത്തിളങ്ങി. മന്ദമാരുതനിൽ അതു ചാഞ്ചാടിയുല്ലസിച്ചു. കാട്ടരുവികൾ കളകളഗീതം പാടി. പൂച്ചെടികൾ ആടിയുലഞ്ഞ് ആനന്ദനൃത്തം ചെയ്തു. സ്വർണ്ണവർണ്ണക്കതിരുകളാൽ നെൽപ്പാടം നിറഞ്ഞു. അങ്ങനെ ഓണക്കാലം വന്നെത്തി. കാട്ടുപൂക്കളിറുക്കി കുട്ടികൾ ആരവം മുഴക്കി.

'പൂവേ... പൊലി... പൂവേ... പൊലി... പൂവേ...'

അത്തം പത്തോണം ഉല്ലാസമായി കൊണ്ടാടിയവസാനം തിരുവോണനാളിൽ നമ്മുടെ രാജാവായ മഹാബലി തന്റെ പ്രജകളെ കാണാൻ പാതാളലോകത്തുനിന്നെത്തിച്ചേരുമെന്നാണ് ചൊല്ല്.

'മാവേലി നാടു വാണിടും കാലം മാനുഷരെല്ലാരുമൊന്നുപോലെ'യെന്ന് ഏതോ കവി പാടിപ്പുകഴ്ത്തിയ നൃപൻ പാതാളലോകത്തെങ്ങനെയെത്തിയെന്ന് പുരാണങ്ങളിൽ പരാമർശമുണ്ട്:


ഒരിക്കൽ സ്വർഗരാജാവായ ഇന്ദ്രന്റെ ഗർവും ആലസ്യവുമടക്കാൻ വിഷ്ണുഭഗവാൻ മികച്ച ഭരണപാടവമുള്ളവനും ധർമ്മിഷ്ഠനും നീതിമാനും ദാനശീലനെന്നു പെരുമയുള്ളവനുമായ ബലിയെ സ്വർഗരാജ്യഭാരം തൽക്കാലത്തേക്ക് ഏല്പിച്ചു.

വിഷ്ണുഭക്തനും മഹാശക്തിശാലിയുമായ മഹാബലിയോട് എതിരിടാൻ കെല്പില്ലാതെ ദേവന്മാർ അമ്മ അദിതിയോടു പരാതി പറഞ്ഞു. മക്കളുടെ പരാധീനത കണ്ട് കരളലിഞ്ഞ്, സങ്കടചിത്തയായി അദിതി ഭർത്താവായ കശ്യപമഹർഷിയെ കണ്ടു. പക്ഷേ, ദൈത്യരും ദേവരും തന്റെ മക്കളായതിനാൽ തനിക്കിതിൽ വേർതിരിവ് നടത്തുക അസാധ്യമെന്നും വിഷ്ണുഭഗവാനെ ധ്യാനിച്ച് സങ്കടം ബോധിപ്പിക്കാനും ഉപദേശിച്ചു. അങ്ങനെ അദിതി ദ്വാദശിവ്രതമെടുത്ത് കഠിനതപസ്സിലേർപ്പെട്ടു. ഈ സമയത്തെ പ്രാർഥന കേൾക്കാതിരിക്കാൻ വിഷ്ണുവിനു സാധ്യമല്ലായിരുന്നു. ഇതു മനസ്സിലാക്കിയ ബലി പിന്നീട് വളഞ്ഞവഴിയിൽ സ്വർഗം തിരിച്ചുവാങ്ങാൻ ശ്രമിച്ച ദേവന്മാർക്ക് തുടർന്നങ്ങോട്ട് യജ്ഞഹവിസ്സുകൾ അർപ്പിക്കരുതെന്ന് ഭൂലോകവാസികളായ ബ്രാഹ്മണർക്കു ശാസന നൽകി. ദേവന്മാർ ക്ഷീണിതരായി. അതോടെ ഭൂമിയിൽ വൃഷ്ടിയും പുഷ്ടിയും ഇല്ലാതാവുകയും ചെയ്തു. അഗ്നിദേവനും വായുദേവനും ക്ഷീണിതരായതോടെ ഭൂലോകത്ത് അന്നമില്ലാതാവുകയും ശ്വാസതടസ്സം നേരിടുകയും ചെയ്തു. ബലിയുടെ വിദ്വേഷകർമ്മത്തിൽ തന്റെ സ്ഥിതികർമ്മംകൂടി അപകടത്തിലായത് വിഷ്ണുഭഗവാൻ മനസ്സിലാക്കി. പ്രതികാര വാഞ്ഛയോടെ ബലി യജ്ഞങ്ങൾ നിർത്തിച്ചത് അദ്ദേഹം ഭരിക്കുന്ന ഭൂലോകത്തിന്റെ തന്നെ നാശത്തിൽ കലാശിക്കാമെന്നതു ഖേദകരമായി. ഭക്തനായ ബലിയെ കടുത്ത തീരുമാനത്തിൽനിന്ന് എങ്ങനെ പിന്തിരിപ്പിക്കാമെന്നു ചിന്തിച്ചിരിക്കുമ്പോഴാണ് നർമ്മദാ നദിക്കരയിലെ ഭൃഗുകച്ഛമെന്ന സ്ഥലത്ത് ബലി യാഗം നടത്താനുദ്ദേശിക്കുന്നത് അറിഞ്ഞത്. യാഗവേളയിൽ ദാനധർമ്മാദികൾ ചെയ്ത് പ്രജകളെ പ്രീതിപ്പെടുത്തേണ്ട കടമ രാജാവിനുണ്ട്.

യാഗഭൂമിയിൽ വിഷ്ണു കുടവയറനായ കുള്ളൻബ്രാഹ്മണബാലനായി വാമനാവതാരം സ്വീകരിച്ചു. കക്ഷത്തിൽ കവണയും ഇടതു കൈയിൽ കൂജയും വലതു കൈയിൽ ഓലക്കുടയുമേന്തി സുസ്മേരവദനനായി എത്തിച്ചേർന്നു. ദൈത്യഗുരു ശുക്രാചാര്യരും മഹാബലിയും ചേർന്ന് തേജസ്വിയായ കൊച്ചുബ്രാഹ്മണനെ സ്വീകരിച്ചിരുത്തുമ്പോൾത്തന്നെ ഗുരുവിന് എന്തോ ചതി മണത്തു. അംഗചേഷ്ടകളാൽ രാജാവിനു സന്ദേശം നൽകാൻ ശ്രമിച്ചുവെങ്കിലും ബലി ആതിഥ്യമര്യാദയിൽ മുഴുകിയിരിക്കുകയായിരുന്നു. ബാലന് എന്തു വേണമെന്നു ചോദിക്കുമ്പോൾ ത്രിലോകങ്ങളും തന്റെ കൈപ്പിടിയിലാണെന്ന ഭാവമുണ്ടായിരുന്നു. നിറഞ്ഞ രാജഭക്തിയോടെ വാമനൻ തന്റെ പാദങ്ങൾ വയ്ക്കാനുള്ള മൂന്നടി മണ്ണ് വേണമെന്ന് ആവശ്യപ്പെട്ടു.

ശുക്രാചാര്യർ വിലക്കിയെങ്കിലും ത്രിലോകങ്ങളുടെയും അധിപനായ മഹാബലിചക്രവർത്തിക്ക് മൂന്നടി മണ്ണിനാണോ ക്ഷാമമെന്ന മട്ടിൽ അദ്ദേഹം മന്ദഹസിച്ചുകൊണ്ടു നിന്നു. എവിടെ വേണമെങ്കിലും ഭൂമി അളന്നെടുക്കാൻ വാമനബാലനോട് അപേക്ഷിച്ചു. ധർമ്മിഷ്ഠനായ ബലിയുടെ വാഗ്ദാനം കേട്ട മാത്രയിൽത്തന്നെ വാമനൻ ഭീമാകാരരൂപം പൂണ്ട് തന്റെയൊരു കാൽപാദംകൊണ്ട് ഭൂലോകം മുഴുവനും, രണ്ടാമത്തേതുകൊണ്ട് സ്വർഗമടങ്ങുന്ന ആകാശവും അളന്നെടുത്തു. മൂന്നാമത്തെ ചുവട് എവിടെ വയ്ക്കണമെന്നു ബലിയോടു ചോദിച്ചു. വിശ്വരൂപം പൂണ്ട വിഷ്ണുഭഗവാനെ നേരിൽക്കണ്ട സന്തോഷത്താൽ തന്റെ ആജീവനാന്തപാപകർമ്മങ്ങൾക്കുള്ള മോക്ഷസിദ്ധിക്കുവേണ്ടി ശിരസ്സ് കുനിച്ച് വിഷ്ണുപാദം നെറുകയിൽ വയ്ക്കാൻ അപേക്ഷിച്ചു.

ദാനശീലനായ ബലിയുടെ ത്യാഗമനസ്കതയിലും ഭക്തിലാളിത്യത്തിലും സത്യബോധത്തിലും സംപ്രീതനായ വിഷ്ണുദേവൻ വരാനിരിക്കുന്ന മന്വന്തരത്തിൽ ഇന്ദ്രപദവി നൽകുമെന്നു വാഗ്ദാനം നൽകി. അതുവരെ പാതാളലോകത്തിലെ സുതലരാജ്യത്ത് വിശ്വകർമ്മാവിനാൽ പണിത കൊട്ടാരത്തിൽ ചിരംജീവിയായി വാഴാനും, വാമനമൂർത്തിയായ വിഷ്ണു സ്വയംതന്നെ കൊട്ടാരംകാവൽക്കാരനായിരിക്കുമെന്നും അരുൾ ചെയ്തു. മഹാബലിയുടെ ശിരസ്സിൽ വിഷ്ണുവിന്റെ തൃക്കാൽസ്പർശനമേറ്റതോടെ ഭൂമി പിളർന്ന് ഭുവർലോകത്തേക്കുള്ള പാതയൊരുങ്ങി. പുത്രനായ ബാണാസുരനെ ഭൂലോകത്തിന്റെ രാജാവായി വാഴിക്കുകയും സ്വർഗലോകം ഇന്ദ്രന് സർവാധികാരത്തോടെ തിരികെലഭിക്കുകയും ചെയ്തുവെന്നാണ് കഥ.



ഇങ്ങനെയാണ് കഥയെങ്കിലും കേരളക്കരയിൽ പല വാദങ്ങളുമുണ്ട്. ദേവനായ വാമനൻ അസുരനായ മഹാബലിയെ അസഹിഷ്ണുതയാൽ ചവിട്ടിത്താഴ്ത്തിയെന്ന് ചിലർ. വാമനനായ ബ്രാഹ്മണനെ ആര്യനായും ബലിയെ ദ്രാവിഡനായും ചിത്രീകരിക്കാനുള്ള ശ്രമവുമുണ്ട്. മഹാബലിയെ കുടവയറനും ഓലക്കുടക്കാരനുമാക്കി മാറ്റിയിട്ടുമുണ്ട്.

വാമനമൂർത്തിയുടെ ആരാധനയായ തൃക്കാക്കരയപ്പന്റെ ഉത്സവനാളുകൾ അത്തം പത്ത് ഓണക്കാലമാണ് നടക്കുന്നത്. ഈ ആഘോഷത്തിമർപ്പിൽ തൃക്കാക്കരയപ്പന്റെ കോലം കെട്ടിയാടി ഉല്ലസിച്ചിരുന്നു. അതിനോടൊപ്പം പല തരത്തിലുള്ള കോമാളിവേഷവും കെട്ടി. പിന്നീട് കപ്പടാമീശയും കിരീടവുമണിഞ്ഞ രാജവേഷവും ഓലക്കുടയും കുടവയറുമായി വാമനവേഷവും കൂട്ടിച്ചേർത്ത് സങ്കരമായി ചിലർ കെട്ടിയാടി. കേരളത്തിലൊന്നാകെ മഹാബലിയുടേതെന്ന നിലയിൽ അത് പരന്നു. യുദ്ധനിപുണനും അതികായനുമായ അസുരരാജാവിന് കുടവയർ ചിന്തിക്കാനേ സാധ്യമല്ല.

■

സുലോചന രാജൻ

## തുമ്പപ്പൂവും തുമ്പിപ്പെണ്ണും

പഞ്ഞക്കർക്കടകം പോയി
ചിങ്ങപ്പൂവൊലി വരവായി
തുമ്പപ്പൂവും തുമ്പിപ്പെണ്ണും
തമ്മിൽ കലപില പറയുന്നു.

വെള്ളിക്കിണ്ണം മാനത്ത്
തുള്ളിത്തൂകും പാൽക്കഞ്ഞി
ഭൂമിപ്പെണ്ണിനുടുക്കാനായ്
വെള്ളപ്പുടവകളനവധിയായ്.

ഓണപ്പൂക്കളമുറ്റത്ത്
ഓണത്തപ്പൻ വരവായി
ഓണസദ്യ വിളമ്പാറായ്
കേരളമക്കൾക്കുത്സവമായ്.



എല്ലാവിധ ഹോമിയോ മരുന്നുകൾക്കും
രാജൻ ഹോമിയോ മെഡിക്കൽസ്
പാലാ ടൗൺ ബസ് സ്റ്റാൻഡ്
യൂണിവേഴ്സൽ തിയേറ്ററിനു സമീപം
Mob: 9447139198

ഓണാശംസകൾ
SB
മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
കട്ടക്കയം റോഡ്, പാലാ പി. ഒ.
ഫോൺ: 9447506643, 04822 201243

നോവൽ 5



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

“റോണീ, നീ ഇനി ഇവിടെ തനിയെ താമസിക്കാനാണോ തീരുമാനം?” രാവിലെ അവനു ബ്രേക്ക് ഫാസ്റ്റ് വിളമ്പിക്കൊടുത്തുകൊണ്ട് ഷേർലി ചോദിച്ചു.

“അല്ലാതെ ഞാനെന്തു ചെയ്യും ചേച്ചീ? മറ്റൊരു വീട് പെട്ടെന്നു കണ്ടെത്താനെളുപ്പമല്ല.”

“നമ്മുടെ വീട്ടിലേക്കു വരില്ലെന്നു നിനക്കു വാശിയാണോ?”

“വാശിയൊന്നുമില്ല. പക്ഷേ, എങ്ങനെ ഞാനാ വീട്ടിലേക്കു കയറി വരുമെന്ന് ചേച്ചി ചിന്തിക്ക്. കല്യാണം കഴിഞ്ഞ് ഞാനും അവളും വീട്ടിലേക്കു വന്ന നേരത്ത് ചേച്ചിയുമുണ്ടായിരുന്നല്ലോ, അവിടെ. പപ്പാ മുറ്റത്തുവച്ച് ഞങ്ങളെ തടഞ്ഞു. ജീനായുടെ നെറ്റിയിൽ കുരിശുവരച്ച് തഴുകി അകത്തേക്കു കൈപിടിച്ചുകയറ്റേണ്ട അമ്മ ഒന്നും മിണ്ടാതെ നിന്നു. അപമാനിതരായി, അവഹേളിതരായി ഞങ്ങൾ തിരിഞ്ഞുനടന്നു.”

“അന്ന് എവിടെയാ നിങ്ങൾ താമസിച്ചത്?”

“ചേച്ചി വന്നപ്പോൾ ഇവിടുണ്ടായിരുന്ന അരുണിന്റെ വീട്ടിലേക്കാണു പോയത്. സൗകര്യങ്ങളൊക്കെ കുറവുള്ള വീടായിരുന്നു അവന്റേത്. എന്നിട്ടും ഞങ്ങൾക്കുവേണ്ടതെല്ലാം ഒരുക്കിത്തന്നു. ജീനാ കരച്ചിലോടു കരച്ചിലായിരുന്നു അന്ന്. അവളെ കല്യാണം കഴിച്ചതു കാരണം എനിക്കെല്ലാം നഷ്ടപ്പെട്ടല്ലോയെന്നോർത്താണവൾ കരഞ്ഞത്. ഇടവകപ്പള്ളിയിൽ നടന്നിട്ടുള്ള കല്യാണങ്ങളിൽ ഏറ്റവും ദരിദ്രമായ കല്യാണമായിരുന്നല്ലോ ഞങ്ങളുടേത്. വിളിച്ചുവന്നവർക്ക് ഒരു നാരങ്ങാവെള്ളംപോലും കൊടുക്കാൻ പറ്റിയില്ല.”

“നിന്റെ കല്യാണത്തിന് ആർഭാടം കുറഞ്ഞത് ഒരു കുറവായി എനിക്കന്നു തോന്നിയില്ല. മനസ്സുകൊണ്ട് പരസ്പരം ഇഷ്ടപ്പെട്ടവർ തമ്മിൽ ഒരുമിക്കാൻ കഴിഞ്ഞില്ലേ.”

“അതെ. എനിക്കു ചേച്ചി പറഞ്ഞ ഫീലിങ്ങായിരുന്നു. ആരെയും വിളിക്കാതെ, സദ്യയില്ലാതെ, കേക്കു മുറിക്കലും വൈൻകുടിക്കലുമില്ലാതെയുള്ള ഇടപാട് എനിക്കു വിഷമമാകുമെന്നവൾ കരുതി.”

“ജീനായുടെ പപ്പായും മമ്മിയും കല്യാണത്തിനു വന്നില്ല, അല്ലേ.”

“വന്നില്ല. അവളുടെ പപ്പായുടെ കാര്യം ചേച്ചിക്കറിയാമല്ലോ. നോർമലായിരിക്കുമ്പം വളരെ നല്ലയാളാ. എപ്പം വേണമെങ്കിലും ആ നെല മാറാം. പപ്പായെ അതുകൊണ്ടാ മാറ്റിയത്. പപ്പായില്ലാതെ മമ്മിയും വരണ്ടെന്നു വച്ചു.”

“കഴിഞ്ഞതൊന്നും അധികമോർക്കണ്ട. എനിക്കു വീടുവരെയൊന്നു പോകണമെന്നുണ്ടായിരുന്നു. എന്തായാലും നിന്നെ തനിച്ചാക്കി ഞാൻ പോവില്ല.”

“സാരമില്ല ചേച്ചീ. ഇനിയിപ്പം ഞാൻ തനിയെയാണെങ്കിലും കഴിഞ്ഞുപോകും. ചേച്ചി ഭയപ്പെടുംപോലെ, ഞാൻ ജീനാ ചെയ്തതുപോലൊന്നും ചെയ്യുകേല. ഇനിയുള്ള എന്റെ ജീവിതത്തിലെ ഓരോ നിമിഷവും കുറ്റബോധംകൊണ്ട് നൊന്തുനീറുന്നതായിരിക്കും. ചങ്കുപറിച്ചുതരുന്ന സ്നേഹമായിരുന്നു ജീനായുടേത്. ഞാനവളെയും അതുപോലെ സ്നേഹിച്ചു. അതിനിടയിലുണ്ടായ ഒരു കൊച്ചുപിണക്കം. ഒരിക്കലും അവളോടു പറയരുതാത്ത ഒരു വാക്ക് എന്റെ നാവിൽനിന്നുണ്ടായി. അത്... അതു കാരണമാ ഷേർലിച്ചേച്ചീ, ജീനാ മരിച്ചത്. ഞാൻ ശരിക്കുമൊരു കൊലപാതകിതന്നെയാ.”

ഷേർലി, റോണിയുടെ ചുമലിൽ കൈവച്ചു. എന്താണു പറഞ്ഞതെന്നവൾ ചോദിച്ചില്ല. ജീനായുടെ മരണക്കുറിപ്പിൽനിന്നും ഷേർലിക്കതു വ്യക്തമായിരുന്നു. എത്രമാത്രം സ്നേഹിച്ചു വിവാഹിതരായവരാണ്. ഒരു വർഷം പോലുമാകുംമുമ്പേ അവരുടെ ജീവിതം തുലഞ്ഞു. എന്തുമാത്രം പീഡനങ്ങളും കൊള്ളിവാക്കുകളും അനുഭവിച്ച് ജീവിതം തുടരുന്ന ഭാര്യമാർ എത്രയോ ഉണ്ട്. പ്രണയത്തിന്റെ കൊടുമുടിയിൽ കഴിഞ്ഞവരാണ് റോണിയും ജീനായും. അവൾ ഒന്നു ക്ഷമിച്ചിരുന്നെങ്കിൽ... ഇത്തിരി സഹിച്ചിരുന്നെങ്കിൽ? അവളെ ഏറ്റവും വേദനിപ്പിക്കുകയും മുറിവേല്പിക്കുകയും ചെയ്ത വാക്കുകൾ അവൻ പറയാതിരുന്നെങ്കിൽ...

“റോണീ, ജീവിതത്തിൽ ഓരോ മനുഷ്യനും ഏതെങ്കിലുമൊക്കെ വലിയ വിപത്തുകളുണ്ടാകാം. അതിനെ അതിജീവിച്ചേ പറ്റൂ. ഇവിടെയിങ്ങനെ മുറിയിൽ ചടഞ്ഞിരുന്നാൽ വിചാരങ്ങൾ കൂടും. നാളെ മുതൽ നീ ജോലിക്കു പോയിത്തുടങ്ങ്.” ഷേർലി ഉപദേശിച്ചു.

റോണി ദീനമായി ഷേർലിയെ നോക്കി.

“ചേച്ചീ, എനിക്കു പുറത്തിറങ്ങാൻ... ആളുകളെ ഫേസ് ചെയ്യാൻ... ഓഫീസിൽചെന്ന് സഹപ്രവർത്തകർക്കുമുമ്പിൽ നിൽക്കാൻ പേടിയാകുകാ...”

“റോണീ, നീ കാരണമാ ജീനാ മരിച്ചതെന്ന് കാണുന്നവരോടൊക്കെ പറയരുത്. മനസ്സിന് ഒട്ടും ഉറപ്പില്ലാത്ത എടുത്തുചാട്ടക്കാരാ ഇത്തരം മണ്ടത്തരം കാണിക്കുന്നത്. അങ്ങനെയൊരു വൈകല്യം അവൾക്കുണ്ടായിരുന്നു. വെറും വിവരദോഷികളാണങ്ങനെയൊക്കെ ചെയ്യുന്നത്. അവൾ നിന്നോടും നമ്മുടെ കുടുംബത്തോടും ചെയ്തത് കൊലച്ചതിയല്ലേ?”

അസഹ്യമായ സങ്കടത്തോടെ റോണി തലകുടഞ്ഞു.

“ഷേർലിച്ചേച്ചീ, ഇങ്ങനെയൊക്കെ പറയാതെ. ജീനാ പാവമായിരുന്നു... കുറ്റം മുഴുവൻ എന്റേതാ. ഞാൻ മാത്രമാ ഇങ്ങനെ സംഭവിച്ചതിനു കാരണം.”

“റോണീ, നീയിനിയൊരിക്കലും ആരോടും, ഇങ്ങനെ പറയരുത്. വലിയ ദോഷമുണ്ടാക്കും. സ്റ്റേഷനിൽ കേസുണ്ട്. കോടതിയിലും കേസുവന്നേക്കും. പോലീസിനോടും കോടതിയോടും നീയിതു പറഞ്ഞാൽ റിമാൻഡിലായെന്നു വരും. രക്ഷിക്കാനാർക്കും കഴിയില്ല.” ഷേർലി മുന്നറിയിപ്പു നൽകി.

റോണിയുടെ ചൊടികൾ വിറച്ചു. എന്തോ പറയാൻ വന്നെങ്കിലും അതിനു കഴിഞ്ഞില്ല.

അപ്പോൾ ഷേർലിയുടെ ഫോൺ റിങ് ചെയ്തു.

നേരിയ വെപ്രാളത്തോടെ അവൾ സ്ക്രീനിൽ നോക്കി.

അരുണിന്റെ കോൾ.

“ഹലോ... അരുൺ... എവിടെയാ?”

“ഞാൻ ഉടനെ അങ്ങോട്ടു വരും. എന്തെങ്കിലും വാങ്ങിച്ചോണ്ടു വരണോ?”

“ഒന്നും വേണ്ട. ഇവിടെ വേണ്ടതൊക്കെ ഫോൺ വിളിച്ചു വരുത്തുന്നുണ്ട്.”

“ഷേർലിച്ചേച്ചി, അവന്റെയടുത്താണോ?”

“അതെ.”



“ഒന്നൊരല്പം മാറി നില്ക്കാമോ?”

“മാറാം.” ഷേർലി ഫോണുമായി സിറ്റൗട്ടിലേക്കിറങ്ങി.

“ചേച്ചി, പത്രവും ടി.വി.യുമൊന്നും കാണുന്നില്ലായിരിക്കും.”

“ഇല്ല. അതൊന്നും തോന്നുന്നുമില്ല.”

“ജീനായുടെ നാട്ടിൽ ആക്ഷൻ കൗൺസിലും സമരവുമൊക്കെ തുടങ്ങിയിരിക്കുകാ. അവളുടെ മരണം കൊലപാതകമാണെന്നാ ആരോപണം. ഷേർലിച്ചേച്ചീടെ പപ്പായെ പോലീസ് ചോദ്യം ചെയ്തെന്നൊക്കെ പത്രത്തിലും ടീവീലും കണ്ടു.”

“അരുണേ, ഞാനൊന്നുമറിഞ്ഞില്ല. പപ്പായെ എന്തിനാ പോലീസ്?”

ഷേർലി പരിഭ്രാന്തയായി.

“മകനെ തിരിച്ചുകിട്ടാൻ വേണ്ടി, ജീനായെ ഗുണ്ടകളെവിട്ട് കൊല്ലിച്ചതാണെന്നാ സംശയം.”

“ഇല്ല. അതു തെറ്റാ. അങ്ങനെയൊന്നുമുണ്ടായിട്ടില്ല. അരുൺ ഇങ്ങോട്ടൊന്നു വരുമോ?”

എനിക്കു വീട്ടിവരെയൊന്നു പോണം.”

“ഉടനെയെത്തും ചേച്ചീ.”

“അരുണിന്റെ കൈയിൽ ജീനാ എഴുതിയ കത്ത് സുരക്ഷിതമാണല്ലോ.”

“അതെ. ഞാനതുകൂടിക്കൊണ്ടുവരാം.”

അവൻ കോൾ കട്ടാക്കി.

പപ്പായെ പോലീസ് ചോദ്യം ചെയ്തെന്ന വാർത്ത ഷേർലിയെ അമ്പരപ്പിച്ചു. കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുകയാണ്. റോണിക്കൊപ്പം പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ കഴിയുന്ന താനൊന്നുമറിയുന്നില്ല! പപ്പാ ക്വൊട്ടേഷൻകാരെ വിട്ട് ജീനായെ വകവരുത്തിയതാണെന്ന പ്രചാരണം വ്യാപകമായി നടക്കുന്നു. പോലീസ് ചോദ്യം ചെയ്തെന്നുകൂടി കേൾക്കുമ്പോൾ ജനം മുഴുവൻ അതു വിശ്വസിക്കും. മേടയ്ക്കൽ മാത്തുക്കുട്ടിക്ക് അത്യാവശ്യം ക്വട്ടേഷൻ ബന്ധമൊക്കെയുണ്ടെന്നു ഷേർലിക്കറിയാം. ജീനായുടെ മരണം പക്ഷേ, ആത്മഹത്യതന്നെയാണെന്ന് ഷേർലി വിശ്വസിക്കുന്നു.

ജീനാ എഴുതിയ കത്ത്, അവളുടേത് ആത്മഹത്യതന്നെയാണെന്നതിന് വ്യക്തമായ തെളിവാണ്. അത് പോലീസ് കണ്ടെടുക്കേണ്ടതായിരുന്നു. അവിചാരിതമായി അരുണിനാണ് അതു കിട്ടിയത്. കിട്ടിയപ്പോൾത്തന്നെ കത്ത് പോലീസിലേല്പിക്കേണ്ടതായിരുന്നു. റോണിക്കെതിരേ ഗൗരവമായ പരാമർശങ്ങൾ അതിലുണ്ട്. അതുകൊണ്ടാണ് മറച്ചുവച്ചത്. ഇനിയതെന്തു ചെയ്യണമെന്നു ഷേർലിക്കു നിശ്ചയമില്ല.

ഒരു മണിക്കൂർ കഴിഞ്ഞപ്പോഴാണ് അരുൺ, ഷേർലിയുടെ കാറോടിച്ച് റോണിയുടെ വീട്ടിലെത്തിയത്.

“ഷേർലിച്ചേച്ചീ, കാറിന്റെ അലൈൻമെന്റിന് അല്പം പ്രശ്നമുണ്ട് കേട്ടോ.” കീ തിരിച്ചേല്പിച്ചുകൊണ്ട് അരുൺ പറഞ്ഞു.

“എനിക്കും തോന്നിയിട്ടുണ്ട്. വർക്ക്ഷോപ്പിൽ കാണിക്കണം.” ഷേർലി പറഞ്ഞു.

“അവൻ കുറച്ചൊക്കെ ഓക്കെ ആയോ ചേച്ചീ.’ അരുൺ തിരക്കി.

“അത്ര പെട്ടെന്ന് അവൻ റിക്കവറാകുമെന്നു തോന്നുന്നില്ല. തനിച്ചു വിട്ടിട്ടുപോകാൻ മനസ്സ് സമ്മതിക്കുന്നില്ല.”

“ചേച്ചി പോകുമ്പോൾ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയാലോ?”

“ഞാനവനോടങ്ങനെ പറഞ്ഞുനോക്കിയതാ. സമ്മതിക്കുന്നില്ല. തന്നെയിവിടെ താമസിക്കാനാ തീരുമാനമെന്നു പറഞ്ഞു.”

“തനിച്ചാകുമ്പോഴാണ് മനസ്സിലേക്ക് ഓരോ ദുഷ്ചിന്തകൾ കടന്നുവരുന്നത്. ഇവിടെ സംഭവിച്ചതെന്താ? ഏതോ നിസ്സാര കാര്യത്തിന് റോണിയും ജീനായും പിണങ്ങി. അവൻ നിയന്ത്രണമില്ലാതെ എന്തോ പറഞ്ഞു. പെട്ടെന്ന് ജോലി സ്ഥലത്തേക്കു പോകുകയും ചെയ്തു. ഇവിടെ മറ്റൊരാൾ കൂടിയുണ്ടായിരുന്നെങ്കിൽ നിശ്ചയമായും ഇങ്ങനെയൊരു ദുരന്തമുണ്ടാകുകയില്ലായിരുന്നു.” അരുൺ പറഞ്ഞു.

അവൻ സൂചിപ്പിച്ചത് ഒരു പ്രധാനകാര്യമാണെന്ന് ഷേർലിക്കു തോന്നി.

“നമുക്കാർക്കും സ്ഥിരമായി ഇവിടെ വന്നു താമസിക്കാനാവില്ലല്ലോ. എങ്ങനെയെങ്കിലും നിർബന്ധിച്ച് വീട്ടിലേക്കു മടക്കിക്കൊണ്ടുപോകാൻ നോക്കണം.” ഷേർലി പറഞ്ഞു.

*ശേഷം 11–ാം പേജിൽ*

# പൊതുപ്രവർത്തകർ പാലിക്കേണ്ട മര്യാദകൾ




ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നട്ടുവളർത്താൻ വർഷങ്ങൾ വേണം. വെട്ടിവീഴ്ത്താൻ നിമിഷങ്ങൾ മതി. പ്രശസ്തിയും പദവിയും ആർജിക്കാൻ സമയമെടുക്കും. എന്നാൽ, അതെല്ലാം കൈവിട്ടുപോകാൻ അധികം സമയം വേണ്ടിവരില്ല. ഈ സത്യമാണ് യുവകോൺഗ്രസ്നേതാവിന്റെ ജീവിതത്തിലെ നിർഭാഗ്യകരമായ സംഭവങ്ങളിലൂടെ വെളിപ്പെടുന്നത്. കഴിവും സംഘാടനശേഷിയും പ്രസംഗപാടവവും പൊതുജനസമ്മതിയും മുതിർന്ന നേതാക്കന്മാരുടെ സംരക്ഷണവും പുതുതലമുറനേതാക്കന്മാരുടെ പിന്തുണയുമൊക്കെ ആർജിക്കാൻ കഴിഞ്ഞ ഒരു പൊതുപ്രവർത്തകൻ എത്രയോ കൂടുതൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരുന്നു.

തെറ്റ് അതിൽത്തന്നെ തെറ്റാണെങ്കിലും അത് ആരു ചെയ്തുവെന്നതനുസരിച്ച് അതിന്റെ ഗൗരവം വർദ്ധിക്കും. ക്യാമറക്കണ്ണുകളുടെ മുമ്പിൽ വ്യാപരിക്കുന്ന നേതാക്കന്മാരുടെ ചെറിയ വീഴ്ചകൾപോലും തത്സമയം എരിവും പുളിയും ചേർത്ത് പൊതുസമൂഹത്തിന്റെ മുമ്പിലെത്തും. അതുകൊണ്ടുതന്നെ പൊതുപ്രവർത്തകർ വാക്കിലും പ്രവൃത്തിയിലും ബന്ധങ്ങളിലും അങ്ങേയറ്റം ജാഗ്രത പുലർത്തേയിരിക്കുന്നു. രാഷ്ട്രീയത്തിലാകുമ്പോൾ ശത്രുക്കളുടെ എണ്ണം കൂടുമെന്ന കാര്യവും ഏവർക്കും അറിവുള്ളതാണ്. നിർമ്മിതബുദ്ധിയുടെ ഈ കാലഘട്ടത്തിൽ മനുഷ്യഭാവനയെ അതിശയിപ്പിക്കുന്ന വിധത്തിലുള്ള സൈബർ ആക്രമണം ഉറപ്പാണെന്ന സത്യം തിരിച്ചറിയാനുള്ള സാമാന്യബുദ്ധി പുതുതലമുറനേതാക്കന്മാർക്കില്ലെന്നു കരുതാനാവില്ല. എന്താരോപണം ഉണ്ടായാലും അതിനെ രാഷ്ട്രീയമായി നേരിടാമെന്ന ധാർഷ്ട്യം വിലപ്പോവില്ലെന്ന് ആനുകാലികസംഭവങ്ങൾ വ്യക്തമാക്കുന്നു. തലപ്പാവ് ഇതിനോടകം നഷ്ടപ്പെട്ടു. അധികാരത്തിന്റെ അവശേഷിക്കുന്ന ആടയാഭരണങ്ങൾകൂടി അഴിഞ്ഞുവീഴാനുള്ള സാധ്യത വളരെ കൂടുതലാണ്. യഥാർഥത്തിൽ നഷ്ടപ്പെട്ടത് പദവികളോ അധികാരമോ അല്ല, സൽപ്പേരാണ്. ഈ നഷ്ടം ഒരു വ്യക്തിക്കുമാത്രമല്ല, അയാൾ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിനുകൂടിയാണ്. അതു നന്നായി അറിയാവുന്ന ചില നേതാക്കന്മാരാണ് കളങ്കിതൻ സ്ഥാനമൊഴിയണമെന്നു സമ്മർദം ചെലുത്തുന്നത്. ആസന്നമായ തിരഞ്ഞെടുപ്പുകളുടെ തലയ്ക്കുമുകളിൽ ഈ പ്രശ്നം ഡെമോക്ലീസിന്റെ വാൾപോലെ ഭീഷണിയുടെ ചിഹ്നമായി ഉണ്ടാകുമെന്ന് പാർട്ടിയുടെ മുതിർന്ന നേതാക്കന്മാർക്കറിയാം.

ഇപ്പോൾ ഇതാ ഈ കുറിപ്പ് തയ്യാറാക്കുന്ന അവസരത്തിൽ നിർണായകമായ ആ തീരുമാനം വന്നിരിക്കുന്നു. കുറ്റാരോപിതനായ എം.എൽ.എ.യെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽനിന്ന് ആറുമാസത്തേക്കു സസ്പെൻഡ് ചെയ്തിരിക്കുന്നു. അടുത്ത നിയമസഭാസമ്മേളനത്തിൽനിന്ന് എം.എൽ.എ. യെ മാറ്റിനിറുത്താനും അവധി നിർദേശിക്കാനും സാധ്യതയുണ്ട്. ആരോപണങ്ങൾ പാർട്ടി അന്വേഷിക്കേണ്ടതില്ല എന്ന തീരുമാനവും പാർട്ടി സ്വീകരിച്ചിട്ടുള്ളതായി അറിയുന്നു. ഈ തീരുമാനം സമീപകാല രാഷ്ട്രീയചരിത്രത്തിലെ ഏറ്റവും ബുദ്ധിപരവും തന്ത്രപരവും സാങ്കേതികത്തികവുമുള്ളതുമാണ്. എം.എൽ.എ. പാർട്ടിയിൽ തുടർന്നാൽ പാർട്ടി കൂടുതൽ പ്രതിരോധത്തിലാകും. കുറ്റവാളിയെ സംരക്ഷിക്കുന്ന പാർട്ടിയായി ചിത്രീകരിക്കപ്പെടും. തെളിയിക്കപ്പെടുന്നതുവരെ കുറ്റാരോപിതൻ കുറ്റവാളിയല്ലെന്നൊക്കെ ന്യായവാദം പറയാൻ കഴിയുമെങ്കിലും ജനം അതു വിശ്വസിച്ചുകൊള്ളണമെന്നില്ല. ആരോപണം മാത്രമാണെങ്കിൽ എന്തുകൊണ്ട് സംഘടനാനേതൃപദവി ഉടനടി ഉപേക്ഷിച്ചു എന്ന ചോദ്യമുയരും. ആരോപണവിധേയനായ എം.എൽ.എ.യുടെ ശരീരഭാഷതന്നെ കുറ്റസമ്മതത്തിന്റേതായി മാറിയത് മുൻപരിചയമുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാകും.



നേർമൊഴി

എം.എൽ.എ. സ്ഥാനം ഉപേക്ഷിക്കാനാണ് പാർട്ടി ആവശ്യപ്പെട്ടിരുന്നതെങ്കിൽ അത് പാർട്ടിക്കു തിരിച്ചടിയാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. അടുത്ത വർഷം ആരംഭത്തിൽ നടക്കാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പിനുമുമ്പ് പാലക്കാട്ട് ഒരു ഉപതിരഞ്ഞെടുപ്പ് വന്നാൽ ആ സീറ്റ് നിലനിർത്താൻ പാർട്ടിക്കു കഴിഞ്ഞെന്നു വരില്ല. അങ്ങനെ സംഭവിച്ചാൽ അത് നിയമസഭാതിരഞ്ഞെടുപ്പിനെത്തന്നെ പ്രതികൂലമായി ബാധിച്ചെന്നിരിക്കും. ഇതെല്ലാം മുന്നിൽകണ്ടുള്ള തീരുമാനമാണ് പാർട്ടി കൈക്കൊണ്ടിട്ടുള്ളത്. എം.എൽ.എ. സ്വതന്ത്രനായി തുടരും. അദ്ദേഹത്തിന്റെ ഭാവി നിയമവ്യവസ്ഥ നിശ്ചയിക്കും. അപ്പോഴേക്കും ഉപതിരഞ്ഞെടുപ്പു സാധ്യതയില്ലാതാകും. ഈ വിഷയത്തിൽ പാർട്ടി സ്വീകരിച്ച നിലപാട് മറ്റു പാർട്ടികളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. എത്ര കുറ്റാരോപിതരാണ് യാതൊരു ഉളുപ്പുമില്ലാതെ അധികാരസ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്നത്! സംരക്ഷിക്കുന്ന പാർട്ടിക്കു ലജ്ജയില്ലേ? ■

ബിന്ദു ശാസ്ത

## ഓണപ്പാട്ട്

വയലേലകൾ ചുറ്റിവരുന്നൊരു
പൂവാലൻ കിളിയേ...
കന്നിക്കതിർനുള്ളിയൊരുക്കാൻ
നീയും പോരാമോ?

കർക്കടക കുളിർമാഞ്ഞു
ചിങ്ങനിലാ പുലരിയിതാ
തിരുമുറ്റം മെഴുകി, പൂക്കള
ചന്തമൊരുക്കാൻ വരികില്ലേ...

പൂവേ പൊലി
പാടിയുണർത്തും മലയാളം
മാവേലത്തമ്പ്രാൻ വാണൊരു
മലനാട് (2)

കളിചിരിയുടെ താളമുണർത്തി
പലവർണ്ണപ്പൂക്കളിറുത്ത്
ഉത്രാടസദ്യയൊരുക്കാൻ
മലയാളക്കരമനമൊന്നായ്
(വയലേല)

പൊന്നാവണി വന്നുപിറന്നു
തിരുവാതിര ചുവടുകളാടി
മാലോകർ ആർപ്പുവിളിച്ചു
ഓണത്തപ്പനെ വരവേൽക്കാം





## മിഴിയിതൾപ്പൂക്കൾ

10-ാം പേജ് തുടർച്ച

അപ്പോൾ അവരുടെ സംസാരം കേട്ടുകൊണ്ടാകണം റോണി മുറിയിൽനിന്നിറങ്ങി അടുത്തേക്കു വന്നു.

"അരുണേ, വിവേക് വലിയ സങ്കടത്തിലാണോ?" തളർന്ന ശബ്ദത്തിൽ റോണി തിരക്കി.

"അച്ഛന്റെ ദേഹം ചിതയിലേക്കെടുത്തപ്പോൾ അവൻ പിടിവിട്ട് വലിയവായിൽ കരഞ്ഞു. മോഹാലസ്യപ്പെടുകയും ചെയ്തു. സമയത്തു ഹോസ്പിറ്റലിൽ കൊണ്ടുപോയിരുന്നെങ്കിൽ ആളു രക്ഷപ്പെടുമായിരുന്നല്ലോയെന്നോർത്താണ് വലിയ സങ്കടം."

"ഒരുവിധത്തിൽ പറഞ്ഞാൽ വിവേകിന്റെ അച്ഛന്റെ മരണത്തിനു കാരണം ഞാനാണ്. വിവേക് ഇങ്ങോട്ട് എന്റടുത്തേക്കു വന്നിരുന്നില്ലെങ്കിൽ..." റോണി പറഞ്ഞു.

"എടാ, നീയിങ്ങനെ വെറുതെ ഓരോന്നാലോചിച്ച് ടെൻഷൻ കൂട്ടാതെ. ഓരോ മനുഷ്യന്റെയും മരണത്തിന് ഒരു ദിവസവും സമയവുമുണ്ട്. അതിനു മാറ്റം വരുത്താൻ മറ്റുള്ളവർക്കു കഴിയില്ല." അരുൺ ഉപദേശംപോലെ പറഞ്ഞു.

"റോണീ, നിനക്കു വിശക്കുന്നില്ലേ? ഉച്ചയ്ക്കൊന്നും കഴിച്ചില്ലല്ലോ." ഷേർലി ചോദിച്ചു.

"ഒന്നും കഴിക്കാൻ തോന്നുന്നില്ല ചേച്ചീ. എനിക്ക്... നിങ്ങള് രണ്ടുപേരോടും ഒരപേക്ഷയുണ്ട്." അവൻ പറഞ്ഞു.

"നീ പറയ്." അരുൺ ആകാംക്ഷയോടെ നോക്കി.

"സെമിത്തേരിയിൽ... ജീനായുടെയടുത്ത് എന്നെയൊന്നു കൊണ്ടുപോകുമോ?"

"പോകാം." ഷേർലി സമ്മതമറിയിച്ചു.

"ജീനാ എന്തു പാവമായിരുന്നു... എന്നെ എന്തുമത്രം സ്നേഹിച്ചു. എത്ര നന്ദികെട്ടവനാ ഞാൻ. അവളെ യാത്രയാക്കാൻപോലും പോകാത്ത പരമദുഷ്ടൻ. അവസാനമായി അവൾക്കൊരുമ്മ കൊടുക്കാൻ... അവളുടെ ദേഹത്ത് ഒരുപിടിപൂക്കൾ വിതറാൻ കഴിയാത്ത പാപി." റോണി വിങ്ങിക്കരഞ്ഞു.

വൈകുന്നേരം നാലുമണിയോടെ റോണിയും ഷേർലിയും അരുണുംകൂടി ജീനായെ സംസ്കരിച്ച പള്ളിസെമിത്തേരിയിലേക്കു കാറിൽ പുറപ്പെട്ടു. ഒരു മണിക്കൂർകൊണ്ടാണ് പള്ളിമുറ്റത്തു കാറെത്തിയത്. അടുത്ത കാലത്തു പുതുക്കിപ്പണിത മനോഹരമായ സെന്റ് മേരീസ് ദേവാലയത്തിൽക്കയറി അവർ അല്പനേരം പ്രാർഥിച്ചു. പിന്നെ പുറത്തിറങ്ങി തൊട്ടടുത്തുള്ളതും ആകർഷകമായി പരിപാലിക്കുന്നതുമായ സെമിത്തേരിയിലേക്കു നടന്നു. ജീനായെ സംസ്കരിച്ച കല്ലറ ഷേർലിക്കു നിശ്ചയമുണ്ട്. ഗേറ്റ് കടന്നുചെന്നപ്പോൾ കല്ലറയ്ക്കുസമീപം യൂണിഫോംധാരിയായ ഒരു പൊലീസുകാരനെ കണ്ടു. അയാൾ മൊബൈൽ ഫോൺകൊണ്ട് ഏതോ ദൃശ്യം പകർത്തുകയാണ്.

"ജീനായുടെ കല്ലറയ്ക്കുസമീപമാണയാൾ നിൽക്കുന്നത്." ഷേർളി പറഞ്ഞു.

എല്ലാവർക്കും സംഭ്രമമുണ്ടായി.

"അയാൾ എന്തിനായിരിക്കും അവിടെ?" അരുൺ ഷേർലിയെയും റോണിയെയും നോക്കി.

മറുപടിയുണ്ടായില്ല.

പൊലീസുകാരൻ പെട്ടെന്നുതന്നെ തിരിഞ്ഞുനടന്ന് അവർക്കരികെകൂടി വന്ന് ഗേറ്റ് കടന്നുപോയി. പള്ളിമുറ്റത്തുനിന്ന് ഒരു ബൈക്ക് സ്റ്റാർട്ടാക്കി പോകുന്ന ശബ്ദവും അവർ കേട്ടു.

അവർ മെല്ലെ ജീനായുടെ കല്ലറയുടെയടുത്തേക്കു നടന്നു.

*(തുടരും)*





ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ


വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



**വചനനാളം**

**സെപ്റ്റംബർ 7**
**ഏലിയാസ്ലീവാ മൂശക്കാലം ഒന്നാം ഞായർ**
**ഏലിയ ഒന്നാം ഞായർ**

നിയ 6:20 – 25
ഏശ 31:4 – 9
2 തെസ 1:3 – 10
ലൂക്കാ 18:35 – 43



# യഥാർഥ വെളിച്ചം നൽകുന്നവൻ



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

ആരാധനക്രമപരമായി ഏലിയാസ്ലീവാ മൂശക്കാലങ്ങളിലേക്കു പ്രവേശിച്ചിരിക്കുകയാണ് നാം. സെപ്റ്റംബർ 14ന് ആചരിക്കുന്ന സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിനെ കേന്ദ്രീകരിച്ചാണ് ഈ ആരാധനക്രമകാലം ക്രമീകരിച്ചിരിക്കുന്നത്. സ്ലീവായുടെ തിരുനാളിനു മുമ്പ് ഏലിയാക്കാലവും സ്ലീവായുടെ തിരുനാളുമുതൽ മൂന്ന് അല്ലെങ്കിൽ നാല് ആഴ്ചകൾ സ്ലീവാക്കാലവും തുടർന്നുവരുന്ന നാല് ആഴ്ചകൾ മൂശക്കാലവുമായി ആചരിക്കുന്നു. സ്ലീവായുടെ വിജയം, മിശിഹായുടെ രണ്ടാമത്തെ ആഗമനം, മനുഷ്യന്റെ മരണം, അന്ത്യവിധി എന്നിവയാണ് ഇക്കാലത്തെ പ്രധാന വിചിന്തന വിഷയങ്ങൾ. സ്ലീവാകേന്ദ്രീകൃതമായ ജീവിതത്തിലൂടെ വിശുദ്ധജീവിതം നയിക്കാനും സ്വർഗോന്മുഖമായി വളരാനും മഹത്ത്വപൂർണമായ മിശിഹായുടെ വരവു നോക്കി പാർത്തിരിക്കാനും ഈ ആരാധനക്രമകാലം പ്രചോദിപ്പിക്കുന്നു.

മിശിഹായുടെ രണ്ടാമത്തെ ആഗമനത്തിൽ ആകാശമധ്യത്തിൽ മഹത്ത്വപൂർണമായി പ്രത്യക്ഷപ്പെടുമെന്ന് ഈശോ പറഞ്ഞിട്ടുള്ള അടയാളം സ്ലീവായാണ് എന്ന് ആദിമസഭയിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ട് സ്ലീവായുടെ ശക്തിയും വിജയവും മിശിഹായുടെ ദ്വിതീയാഗമനം അനുസ്മരിക്കുന്ന ഈ ആരാധനക്രമകാലത്ത് പ്രത്യേകം അനുസ്മരിച്ചിരുന്നു. ജറുസലേമിലേക്കുള്ള മിശിഹായുടെ മഹത്ത്വപൂർണമായ യാത്രയിൽ ജറീക്കോയിലെത്തിയപ്പോൾ ഈശോ പ്രവർത്തിച്ച ഒരു അദ്ഭുതമാണ് ലൂക്കായുടെ സുവിശേഷം 18: 35-43 വചനങ്ങളിൽ വിവരിക്കുന്ന ഒരു അന്ധനായ ഭിക്ഷാടകനെ സുഖപ്പെടുത്തുന്ന സംഭവം. മിശിഹായുടെ ജറുസലേംയാത്രയുടെ ലക്ഷ്യമാണ് ഈ അദ്ഭുതത്തിലൂടെ വ്യക്തമാക്കുന്നത്. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനത്തെ വീണ്ടെടുത്ത് പ്രകാശത്തിലേക്കു നയിക്കാനാണ് അവിടുന്ന് ജറുസലേമിലേക്കു പോകുന്നതും പീഡകൾ സഹിച്ച് മരിക്കുന്നതും. അന്ധനായ മനുഷ്യൻ ഈശോ കടന്നുപോകുന്നു എന്നറിഞ്ഞപ്പോൾ അവിടുത്തെ വിളിച്ചപേക്ഷിക്കുകയാണ്: "ദാവീദിന്റെ പുത്രനായ മിശിഹായേ, എന്നിൽ കനിയണമേ." ഈശോ അവനെ അടുത്തു വിളിച്ച് താൻ അവനുവേണ്ടി എന്തുചെയ്യണമെന്ന് ആരാഞ്ഞപ്പോൾ അവൻ പറഞ്ഞു: "കർത്താവേ, എനിക്കു കാഴ്ച വീണ്ടുകിട്ടണം." കർത്താവ് അവനോടു പറഞ്ഞു: ''നിനക്കു കാഴ്ച വീണ്ടുകിട്ടട്ടെ.'' തത്ക്ഷണം അവനു കാഴ്ച വീണ്ടുകിട്ടി. ഇവിടെ കാഴ്ച നഷ്ടപ്പെട്ട ഒരുവനാണ് കർത്താവിന്റെ മുമ്പിൽ വിളിച്ചപേക്ഷിക്കുന്നത്. കർത്താവ് അവനു കാഴ്ച വീണ്ടും നല്കുകയാണ്. കാഴ്ച വീണ്ടുകിട്ടിയ അവൻ കർത്താവിനെ അനുഗമിക്കുകയാണ്. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനത്തെ പ്രകാശത്തിലേക്കു നയിക്കുന്ന മിശിഹായുടെ ദൗത്യമാണ് ഇവിടെ വ്യക്തമാക്കുന്നത്. മിശിഹായുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ പ്രഘോഷിച്ചിരുന്നത് 'അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയ പ്രകാശം കണ്ടു' എന്ന കാര്യമാണ്. അതുതന്നെയാണ് അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ഒരു മനുഷ്യനെ സുഖപ്പെടുത്തിയതിലൂടെ ഈശോ ചെയ്യുന്നത്.

അന്ധകാരത്തിന്റെ അടിമത്തത്തിൽനിന്ന് ഈശോ അന്ധനെ സുഖപ്പെടുത്തിയതുപോലെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു കർത്താവിന്റെ ശക്തമായ കരത്താൽ ഇസ്രയേലിനെ വിമോചിപ്പിച്ച് അവരെ വാഗ്ദത്തനാട്ടിലേക്കു നയിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയെക്കുറിച്ചാണ് നിയമാവർത്തനപ്പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ പറയുന്നത്. അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന നാട്ടിലേക്കു നയിക്കാനും, അതു നല്കാനുമായാണ് കർത്താവ് അവരെ വിമോചിപ്പിച്ചത്. കർത്താവ് അവർക്കു നല്കിയ നിയമങ്ങളെല്ലാം പാലിച്ച് നീതിയുള്ളവരായിരിക്കുന്നതിനുവേണ്ടിയാണ് അവിടുന്ന് നിയമം നല്കിയത്. അതു പാലിച്ചു ജീവിച്ച് വാഗ്ദത്തനാട്ടിൽ നിലനില്ക്കണമെന്നാണു മനുഷ്യനെ സംബന്ധിച്ചുള്ള ദൈവികപദ്ധതി.

കാഴ്ച നഷ്ടപ്പെട്ട അന്ധന് ഈശോ വീണ്ടും കാഴ്ച നല്കുന്നതുപോലെ വീണുപോയ ഇസ്രയേലിനെ വീണ്ടും ശക്തിപ്പെടുത്തി, സംരക്ഷിച്ച് പരിപാലിക്കുന്നതിനെക്കുറിച്ചാണ് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുമുള്ള രണ്ടാമത്തെ പ്രഘോഷണത്തിൽ കാണുന്നത്. അജ്ഞതയുടെ അന്ധകാരത്തിലേക്കു വീണുപോയ ഇസ്രയേലിനോട് പ്രകാശത്തിലേക്കു തിരിച്ചുവരുന്നതിനുള്ള ആഹ്വാനമാണ് പ്രവാചകൻ നല്കുന്നത്.

ആദിമസഭയുടെ പീഡനങ്ങളുടെയും സഹനങ്ങളുടെയും പശ്ചാത്തലത്തിൽ പൗലോസ് ശ്ലീഹാ തെസലോനിക്കായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ നിന്നുമാണ് മൂന്നാമത്തെ പ്രഘോഷണം. കർത്താവായ മിശിഹാ തന്റെ ശക്തരായ ദൂതന്മാരോടൊപ്പം അഗ്നിജ്വാലകളോടുകൂടെ ആകാശമധ്യത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ യാതനകൾക്കിരയായി കഴിയുന്നവർക്ക് സമാശ്വാസം ലഭിക്കും എന്നാണ് ശ്ലീഹാ പറയുന്നത്. കർത്താവിന്റെ മഹത്ത്വപൂർണമായ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചാണ് ലേഖനം പറയുന്നത്. ഏലിയാസ്ലീവാ മൂശക്കാലങ്ങൾ അന്ധകാരത്തിന്റെ അജ്ഞതയെ നീക്കി പ്രകാശത്തിന്റെ പാതയിൽ സഞ്ചരിച്ച് മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനം കാത്തിരിക്കാനാണ് ആഹ്വാനം നല്കുന്നത്. പാപത്തിന്റെ അന്ധകാരത്തിൽ വീണുപോകുന്നവർക്ക് കർത്താവു കടന്നുവരുന്ന വഴിയരികിൽ കാത്തുനിന്ന് അവിടുത്തെ വിളിച്ചപേക്ഷിച്ച് അന്ധകാരത്തെ നീക്കം ചെയ്ത് പ്രകാശത്തിന്റെ പാതയിൽ വീണ്ടും സഞ്ചരിക്കാനും കാഴ്ച വീണ്ടും ലഭിക്കാനും അങ്ങനെ അവിടുത്തെ അനുഗമിക്കാനും ഏലിയാ സ്ലീവാ മൂശക്കാലത്തെ വചനവിചിന്തനങ്ങളും പ്രാർഥനകളും നമ്മെ സഹായിക്കട്ടെ. ■

> **ഏലിയാസ്ലീവാ മൂശക്കാലങ്ങൾ അന്ധകാരത്തിന്റെ അജ്ഞതയെ നീക്കി പ്രകാശത്തിന്റെ പാതയിൽ സഞ്ചരിച്ച് മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനം കാത്തിരിക്കാനാണ് ആഹ്വാനം നല്കുന്നത്.**



# മായുന്ന വിസ്മയങ്ങൾ



പ്രൊഫ. സിജു ജോസഫ്

നന്ദി തിരുവോണമേ നന്ദി
നീ വന്നുവല്ലേ? അടിമണ്ണിടിഞ്ഞു
കടയിളകിച്ചരിഞ്ഞോരു കുഞ്ഞു
തുമ്പയിൽ
ചെറുചിരി വിടർത്തി നീ വന്നു.’

സംസ്കൃതിയുടെ ഗതകാല പുണ്യങ്ങളെ വീണ്ടെടുക്കാൻ ആഗ്രഹിക്കുന്ന ഓരോ മലയാളിയുടെയും ഉള്ളിൽ ഇപ്പോഴുമവശേഷിക്കുന്ന പ്രതീക്ഷയുടെ വെളിച്ചമാണ് എൻഎൻ കക്കാടിന്റെ ഈ വരികൾ പ്രതിഫലിപ്പിക്കുന്നത്. വേരിളകി ചാഞ്ഞുവീഴാനൊരുങ്ങുന്ന ചെറുചെടിപോലെയുലയുമ്പോഴും സ്മരണകളുടെ മധുരസ്മിതം ചുണ്ടിൽ വിരിയാൻ മനസ്സ് പാകപ്പെടുമ്പോൾ ഓണം തിരുവോണമാകുന്നു. അദ്ഭുതാദരങ്ങളോടെ മാത്രം നോക്കാൻ കഴിയുന്ന ഒരു ചെറുതാകലിന്റെയും ത്യാഗത്തിന്റെയും സൗന്ദര്യമാണല്ലോ ഓണത്തിന് എന്നുമുള്ളത്. ഈ ആത്മസൗന്ദര്യത്തോടു ചേർത്തുവച്ച് മനുഷ്യരെയും പ്രകൃതിയെയും വിവേകത്തോടെ സമീപിക്കാൻ ശീലിച്ച പഴയൊരു കാലഘട്ടത്തിൽ നാട്ടുവഴിയോരങ്ങളിലെ വേലിപ്പടർപ്പുകൾ നിറച്ചാർത്തണിഞ്ഞുനിന്ന് ഓണത്തെ വരവേറ്റു. കാഴ്ചയുടെ വിരുന്നൊരുക്കി നാമറിയാതെതന്നെ നമ്മെ ഓണത്തിനുവേണ്ടിയൊരുക്കുന്ന പ്രകൃതിയുടെ വിസ്മയം. തൊടിയിലും വീട്ടുമുറ്റത്തും വഴിയോരങ്ങളിലും തലനീട്ടി ചിരിക്കാനൊരുങ്ങുന്ന ചെറുനാമ്പുകളുടെ തലയിൽ ‘മരുന്ന’ടിച്ച് കരിച്ചുകളഞ്ഞ് പരിസരം വൃത്തിയാക്കുന്നതിനൊപ്പം നാം ആ വിസ്മയത്തെക്കൂടിയാണ് മായിച്ചുകളയുന്നത്.



‘മകനേ മനസ്സിലാക്കുന്നു
ഞാൻ ഭാവദുഃഖം
മലനാട്ടിലിന്നോണം
പത്രപംക്തിയിൽ മാത്രം
പുള്ളുവക്കുടം വീണ
കൈകൊട്ടികളിപ്പാട്ട്
വില്ലടിയെല്ലാമിന്ന്
റേഡിയോകളിൽ മാത്രം

ഓണത്തെ തിരുവോണമാക്കിയിരുന്ന നന്മകളെല്ലാം അപഹരിക്കപ്പെട്ട ഒരു നാടിന്റെ പൂമുഖത്തിരുന്നാണ് കാലങ്ങൾ മുമ്പേ അക്കിത്തം ഈ വരികൾ (ബലിദർശനം) കുറിച്ചത്.

അകവും പുറവും ഒരുപോലെ നിറവാർന്ന ജീവിതാവസ്ഥകളിലേക്കുള്ള ചൂണ്ടുപലകയാണ് ഓണം. ഓണസദ്യയൊരുക്കാനും പൂക്കളമിടാനും സ്വയം പര്യാപ്തരല്ലാത്ത ഒരു നാടായി നാം മാറിക്കഴിഞ്ഞു. കാർഷിക സർവകലാശാല സേഫ് ടു സേഫ് പദ്ധതി പ്രകാരം നടത്തു പഠനത്തിന്റെ ഭാഗമായുള്ള റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് പൊതുവിപണിയിൽനിന്ന് നാം വാങ്ങി ഉപയോഗിക്കുന്ന മിക്ക പച്ചക്കറികളിലെയും വിഷാംശം മുപ്പത്തിയഞ്ചുശതമാനോ അതിലധികമോ ആണ്. രോഗാതുരമായ ഒരു സമൂഹമായി കേരളം മാറുന്നതിൽ നമ്മുടെ ഭക്ഷണശീലങ്ങൾക്കും വ്യായാമരഹിതമായ ജീവിതശൈലികൾക്കും വ്യക്തിബന്ധങ്ങളിലെ ശൈഥില്യങ്ങൾക്കുമെല്ലാം നിർണയാകസ്ഥാനമുണ്ട്. അഞ്ചിലൊരാൾക്ക് പ്രമേഹം, മൂന്നിലൊരാൾക്ക് രക്തസമ്മർദം, ദിവസേന നൂറിലധികം അർബുദരോഗികൾ എന്നിങ്ങനെ ശക്തമായ ആത്മശോധനകൾക്കും തിരുത്തലുകൾക്കും മലയാളിയെ പ്രേരിപ്പിക്കുന്ന കണക്കുകളാണിത്. പാശ്ചാത്യസമൂഹത്തിൽ 50-60 വയസ്സിനു മുകളിലുള്ളവരിൽ മാത്രം കാണുന്ന ജീവിതശൈലീരോഗങ്ങൾ കേരളത്തിൽ 30-40 വയസ്സിനുള്ളിലുള്ളവരിൽ പ്രത്യക്ഷപ്പെടുന്ന ഉപഭോഗപരതയിലൂന്നിയ ഒരു നാടായി കേരളം മാറിയപ്പോൾ പ്രകൃതിയിലും ജീവിതത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അത്ര നല്ല സൂചനയല്ല എന്നു തിരിച്ചറിയണം. ആഘോഷങ്ങളുടെയെല്ലാം അന്തഃസത്തകളെ മറന്ന് പുറംമോടികളിൽ മാത്രം അഭിരമിക്കുന്ന ഒരു സമൂഹമായി നാം മാറാതിരിക്കട്ടെ. ഇനിയും പാതയോരങ്ങളിൽ നാട്ടുപൂക്കൾ ചിരിച്ചുനിൽക്കട്ടെ. ഓടാനും ചാടാനും വീഴാനും വീണാലെഴുന്നേല്ക്കാനും ചൊടിയും ചുണയുമുള്ള കുഞ്ഞുങ്ങൾ ആ ചിരി തേടി മടുപ്പറിയാതെ സഞ്ചരിക്കട്ടെ. അവർക്കുണ്ണാൻ വിഷം കലരാത്ത അന്നം കൊടുക്കാനുള്ള വിവേകം നമുക്കുണ്ടാകട്ടെ. അവർ കേൾക്കാനും പഠിക്കാനും നമ്മുടെ നാടിന്റെ നന്മകളോതുന്ന കഥകളും പാട്ടുകളും കടങ്കഥകളുമൊക്കെ നമ്മുടെ ചുണ്ടിലുമുണ്ടാകട്ടെ. ഓണം തിരുവോണമാകട്ടെ.

■

## കവിത

എസ്. ബി. പണിക്കർ

### ഒരുമയിൽ ഒരോണം

തുമ്പച്ചെടികൾ വെള്ളത്തൊപ്പിയണിഞ്ഞു വിളങ്ങി
പൂമ്പാറ്റകളോ കണ്ടുരസിച്ചു ഭംഗിയളന്നു വിലാസി

പുത്തരിയുണ്ടു കഴിഞ്ഞിട്ടാവാമിവിടെ പൂവിളികൂട്ടാൻ
അത്തം ചിത്തിര ചോതികളാഘോഷിച്ചു തിളങ്ങാൻ

കതിരുകൾ കൊയ്തുകൊറിക്കാൻ പൂങ്കിളി കൂട്ടരുമായി വരുന്നു
കതിർകാണാക്കിളി ചക്കരമാവിൻ തളിരുണ്ടുമയങ്ങി

മുക്കുറ്റികളോരത്തെല്ലാം ചൊടിയൊടുനിന്നു വിളിച്ചുപറഞ്ഞു
മുത്തുക്കുടകൾ പണ്ടേ റെഡിയായ് മുത്തപ്പനെയെതിരേല്ക്കാൻ

ഓണത്തപ്പനെയൊരുക്കി നിറുത്താം അങ്കണമധ്യേ ചേലിൽ
ഓലോലം തെന്നൽ താളവുമിട്ടഥ വീണയുംമീട്ടി വരുന്നേ

മന്ദാരപ്പൂ, ചെത്തിപ്പൂ കദളിപ്പൂ കാക്കപ്പൂ അലരിപ്പൂ മുല്ലപ്പൂ
മഹിതമശോകപ്പൂ നെയ്തൽ ചെമ്പകമെല്ലാം ചേർന്നാൽ

പൂപ്പട കൂട്ടാം, പൂത്തറയഴകിൽ തീർത്തുതിമിർക്കാം
പൂപ്പാലിക നീളെ നിറയ്ക്കാം പൂവേപൊലിയാർത്തു വിളിക്കാം.

മുത്തോലക്കുട കരുതുകവേഗം, പൂത്തുമ്പികളോണക്കളി പൊടിപൂരം
മൂവന്തികൾ സിന്ദൂരം പൂശി, കൈതകൾ തലയാട്ടക്കളിപെയ്തു

കുമ്മാട്ടി,കളോണപ്പൊട്ടൻ, ഓണത്താറും വള്ളപ്പാട്ടും
കുമ്മിയടിക്കാം, പൂവേപൊലി പാടിയുണർത്താം നിത്യം

അടിയാനുടയോൻ, ധനിക ദരിദ്രൻ അതിരിൽ നില്പോനില്ലിവിടെ
ചൊടിയൊടു കൈകൾ കോർക്കും മാനുഷർ മാത്രം മലയാളത്തിൽ

ഒരമ്മയ്ക്കു ജനിച്ചുവളർന്നവരല്ലോ നാമെല്ലാരും
ഒരൊറ്റ മതമേ നമ്മൾക്കുള്ളൂ മാനുഷമതമെന്നോർത്തോളൂ!

തപ്പും തകിലും പുള്ളോർക്കുടവും ചെണ്ടയിടയ്ക്കയുമെല്ലാം
തകർത്തിടുമ്പോൾ നാമൊന്നായിട്ടോണം കൂടാനർഹരുമായി.

## നവീന പാചകം — തിരുവോണം സ്പെഷ്യൽ

### പൈനാപ്പിൾ, മില്ലറ്റ്, ചൗവരി പായസം



മാഗി ജോസ് മേനാംപറമ്പിൽ

**ചേരുവകൾ**

ചെറുപയർ പരിപ്പ് - അരക്കപ്പ്
പൈനാപ്പിൾ വരട്ടിയത് - 2 വലിയ സ്പൂൺ
ചൗവരി - അരക്കപ്പ്
പ്രോസോ മില്ലറ്റ് - 2 വലിയ സ്പൂൺ
ശർക്കര - ഒരു കപ്പ്
പാൽ - 2 കപ്പ്
ഏലയ്ക്കാ, ചുക്ക്, ജീരകംപൊടിച്ചത് - 4/3 വലിയ സ്പൂൺ
നെയ്യ് - ഒരു വലിയ സ്പൂൺ
കശുവണ്ടിപ്പരിപ്പ്, കിസ്മിസ് - 25 ഗ്രാം വീതം

**ഉണ്ടാക്കുന്ന വിധം**

- ചെറുപയർ പരിപ്പ് മുക്കാൽ കപ്പ് വെള്ളം ഒഴിച്ച് കുക്കറിൽ വേവിക്കുക
- പ്രോസോമില്ലറ്റ് മിക്സിയിൽ പൊടിക്കുക.
- ശർക്കര അരക്കപ്പ് വെള്ളം ചേർത്ത് ഉരുക്കി പാനിയാക്കുക.
- കട്ടിയുള്ള ഒരു ചരുവത്തിൽ ചെറുപയർ വേവിച്ചതിട്ട് ഒരു കപ്പ് വെള്ളം ഒഴിച്ച് തിളയ്ക്കുമ്പോൾ തീ കുറയ്ക്കുക.
- ശർക്കരപ്പാനി ഒഴിച്ച് ഇളക്കുക.
- ചൗവരി ഇതിലിട്ട് വേവിക്കുക.
- പ്രോസോമില്ലറ്റ്പൊടിയും ചേർക്കുക.
- പൈനാപ്പിൽ വരട്ടിയത് ചേർക്കുക, ഇളക്കുക.
- തീ കുറച്ച് പാൽ ചേർക്കുക
- ഏലയ്ക്കാ, ചുക്ക്, ജീരകം പൊടിച്ചത് ചേർക്കുക.
- നെയ്യ് ചേർക്കുക
- കശുവണ്ടിയും, കിസ്മിസ് വറുത്തതും ചേർക്കുക.
- മധുരം കുറവെങ്കിൽ അല്പം പഞ്ചസാരയോ മിൽക്ക് മെയ്ഡോ ചേർക്കുക.

36 വർഷത്തെ സേവനപാരമ്പര്യം
**നവഭാരത് കോളേജ്**
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി. ഒ., പാലാ
Ph: 9495195739
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്. എസ്. എൽ. സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു. പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു. പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.


ഓണാശംസകൾ !
26
SINCE 2005
സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
CASH for GOLD
നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.
KERALA'S NO.1 GOLD BUYER
FREE
അച്ചായൻസ് ഗോൾഡ് 916
പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം
85900 46916 | 90723 88172
വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ
ചെങ്ങന്നൂർ | മുണ്ടക്കയം | കോഴഞ്ചേരി
NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *


MOBILE PHONE SALES & SERVICE
MOBILE ACCESSORIES
FONE WORLD
TOTAL TELECOM SOLUTIONS
BRIGHT ARCADE, NEAR HEAD POST OFFICE
VELLAPPADU, PALA, MOB: 90612 77566
BROTHERS BUILDING, NEAR KSRTC, PALA | PULICKENS SHOPPING MALL, ERATTUPETTA
ഫോൺ വേൾഡ് ഓണോത്സവം
മൊബൈൽ ഫോണുകൾക്ക് 2 വർഷംവരെ വാറണ്ടി
പഴയഫോൺ മാറ്റി പുതിയഫോൺ വാങ്ങാൻ സുവർണ്ണാവസരം
0% പലിശയിൽ EMI ലഭ്യമാണ്.
*T & C Apply
എല്ലാപർച്ചേസിനും ഉറപ്പായ സമ്മാനം
OUR EMI PARTNERS
BAJAJ FINSERV
EMI FINANCE
SAMSUNG Finance+
Xiaomi easy finance
Chola
DMI FINANCE
iPhone
ONEPLUS
NOKIA
realme
oppo
SAMSUNG
xiaomi
vivo
MOTOROLA
iQOO
NOTHING
POCO

Deepanalam weekly

RNI No : 16998/68
Vol. 58 No. 26 Date of Publication 28 August 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org